# ജാമക്കാരൻ
# JAMAKKARAN

ജാമക്കാരൻ JAMAKKARAN

**VOLUME - 1** **RNI Reg. No. TNBIL/2016/70171** **ISSUE - 2**

**FEBRUARY - 2017 TAMIL & MALAYALAM**

**(ജാമക്കാരനിൽ)** **സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)**
**(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

**0427- 2387499. E-Mail : Jamakaran@yahoo.com. Fax: 0427-2386464. www.Jamakaran.com**



കർത്താവിൽ പ്രിയരെ,

2016 ഡിസംബർ ലക്ക ജാമക്കാരനിൽ അറിയിച്ചതുപോലെ ക്യാൻസർ രോഗികൾക്കായി ഒരു പ്രത്യേക ഏകദിന പ്രാർത്ഥന **2017 മാർച്ച് 14–ാം തിയതി രാവിലെ 9 മുതൽ 6 മണിവരെ സേലം Youth For Christ ഹാളിൽ** വച്ച് നടത്തുവാൻ ഏർപ്പാട് ചെയ്തിരിക്കുന്നു. ഈ വിവരമറിഞ്ഞ് ധാരാളം പേർ പ്രാർത്ഥനാവിഷയങ്ങൾ കത്തുകൾ, ഇ–മെയിൽ എന്നിവയിലൂടെ എനിക്കു അറിയിച്ചുകൊണ്ടിരിക്കുന്നു. പ്രാർത്ഥനാവിഷയങ്ങൾ എഴുതിയവർക്കു വേണ്ടിയും അവരുടെ കുടുംബാംഗങ്ങൾക്കു വേണ്ടിയും തുടർന്നു പ്രാർത്ഥിക്കും; നിങ്ങളും പ്രാർത്ഥനയിലായിരിക്കുക.

ഈ മാസിക നിങ്ങളുടെ കൈകളിൽ താമസിച്ചു തന്നെ മാർച്ച് മാസത്തിൽ ലഭിക്കുന്നു. ഏങ്കിലും പ്രാർത്ഥനാകുറിപ്പുകൾ തുടർന്നും അയയ്ക്കുമെങ്കിൽ എല്ലാവർക്കുമായി പ്രാർത്ഥിക്കും. നിങ്ങളുടെ പ്രാർത്ഥനയിൽ മടുത്തുപോകാതെ ജാഗരിക്കാൻ പ്രത്യേകം ഓർമ്മിപ്പിക്കട്ടെ.

കഴിഞ്ഞ ലക്കത്തിൽ സഭയുടെ ഇന്നത്തെ പരിതാപകരമായ നില മാറാൻ കരഞ്ഞു പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടിരുന്നല്ലോ. ഈ ലക്കം മാസികയിലും “യഥാർത്ഥ ദൈവം” “യഥാർത്ഥ സഭ” സഭയുടെ ചരിത്രം, നാൾവഴി ഇവയെക്കുറിച്ച് തെരഞ്ഞെടുത്ത ലേഖനത്തിൽ നിന്ന് വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നു. എല്ലാ വിഭാഗങ്ങളിൽപ്പെട്ട വിശ്വാസികളും തങ്ങളെയും തങ്ങളുടെ സഭയെയും കുറിച്ച് സ്വയപരിശോധന ചെയ്യുവാൻ ഈ എഴുത്തുകൾ ഉതകട്ടെ! വചനാടിസ്ഥാനത്തിൽ ക്രിസ്തീയ സഭ വളരുമ്പോഴാണ് കർത്താവിന്റെ രണ്ടാം വരവിൽ എടുക്കപ്പെടാൻ കഴിയുന്നത്. അതിന് മുമ്പ് മരണം സംഭവിച്ചാലും ശിക്ഷാവിധിയിൽ അകപ്പെടാതെ കർത്താവിന് മുമ്പിൽ പ്രാഗത്ഭ്യത്തോടെ നില്ക്കാനാകും.

കർത്താവ് ഏവരെയും സഹായിക്കട്ടെ.

പ്രാർത്ഥനയോടെ കർത്തൃശുശ്രൂഷയിൽ

**Dr.പുഷ്പരാജ്**

# FEBRUARY 2017

# സഭയുടെ അന്ത്യനാളുകൾ

## ആമുഖം

പ്രവചനം

കഴിഞ്ഞ ലക്കത്തിൽ മേലാൽ സംഭവിക്കാനുള്ള പ്രവചനകാര്യങ്ങളുടെ പട്ടികയും ചെറു വിശദീകരണവും നല്കിയിരിക്കുന്നത് വായനക്കാർ ഓർക്കുമല്ലോ. ഈ ലക്കം മുതൽ അവ ഓരോന്നും വിശദമായി നോക്കാം. ഈ ലക്കത്തിൽ സഭയുടെ ആദ്യനാളുകൾ എപ്രകാരമായിരിക്കും എന്ന വിശദീകരണം കാണാം.

### 1. തിരുവെഴുത്തുകൾ നല്കുന്ന നിർവ്വചനം :

സഭയുടെ ഭാഗ്യകരമായ പ്രത്യാശ കർത്താവായ യേശുക്രിസ്തുവിന്റെ മദ്ധ്യാകാശവരവും അതോടൊപ്പം സംഭവിക്കുന്ന ഉൽപ്രാപണവുമാണ്. സഭയുടെ ഉൽപ്രാപണം ആസന്നസംഭവമായാണ് തിരുവെഴുത്തുകളിൽ വെളിപ്പെടുത്തിയിരിക്കുന്നത്. ക്രിസ്തുവിന്റെ രണ്ടാം വരവിന്റെ അടയാളങ്ങളായി പരാമർശിക്കപ്പെടുന്നത്. ലോകവസാനം എന്ന നിലയിൽ ക്രിസ്തു വെളിപ്പെടുത്തിയ സംഭവങ്ങളെല്ലാം തന്നേ മഹാപീഡനത്തിൽ സംഭവിക്കുന്നവയാണ്. അപ്പൊസ്തലന്മാരാണ് സഭയുടെ അന്ത്യകാല ലക്ഷണങ്ങൾ വെളിപ്പെടുത്തിയത്. യുഗാന്ത്യത്തോടടുക്കുന്ന സഭയിൽ വിശ്വാസത്യാഗത്തിന്റെ വർദ്ധനവ് കാരണാം. വിശ്വാസത്യാഗം വെളിപ്പെടുന്നത് നിഷേധങ്ങളിലൂടെയാണ്.

1. ദൈവനിഷേധം (ലൂക്കൊസ് 17:26, 3 തിമൊ 3:4–5)
2. ക്രിസ്തുനിഷേധം (1 യോഹ 2:18, 2 പത്രൊസ് 2:6)
3. ക്രിസ്തുവിന്റെ പുനരാഗമനനിഷേധം (2 പത്രൊസ് 3:3–4)
4. വിശ്വാസനിഷേധം (1 തിമൊ 4:1–2, യൂദാ 3)
5. പത്ഥ്യോപദേശനിഷേധം (2 തിമൊ 4:3–4)
6. വേർപാട് ജീവിതനിഷേധം (2 തിമൊ 3:1–7)
7. ക്രിസ്തീയ സ്വാതന്ത്ര്യനിഷേധം (1 തിമൊ 4:3–4)
8. സന്മാർഗ്ഗോപദേശനിഷേധം (2 തിമൊ 3:1–8, 13, യൂദാ 18)
9. അധികാരനിഷേധം (2 തിമൊ 3:4)

വിശ്വാസത്യാഗത്തെക്കുറിച്ച് അപ്പൊസ്തലനായ പൗലൊസ് ഇപ്രകാരം രേഖപ്പെടുത്തി. "എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവ് തെളിവായി പറയുന്നു.' 1 തിമൊ 4:1–2. സഭായുഗത്തിന്റെ അന്ത്യനാളുകളിൽ ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാൽസല്യമില്ലാത്തവരും ഇണങ്ങാത്തവരും, ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി ത്യജിക്കുന്നവരുമായിരിക്കും." 2 തിമൊ 3:2–5.

2. **സഭയുടെ അന്ത്യനാളുകൾ – പ്രായോഗികതലം :** ലോകചരിത്രത്തെ ബി.സി എന്നും എ.ഡി എന്നും രണ്ടായി വിഭജിച്ച, ചരിത്ര പുരുഷനായ ക്രിസ്തു (ബി.സി.4 എ.ഡി 30) ചരിത്രത്തിന്റെ മദ്ധ്യബിന്ദുവാണ്. ലോകചരിത്രത്തിന്റെ ഭാഗമാണ് ക്രിസ്തു അഥവാ ചരിത്രം അവന്റെ ചരിത്രമാണ്. ക്രിസ്തു യുഗങ്ങളുടെ പ്രതീക്ഷയാണ്. ലോകചരിത്രത്തിന്റെ ഇന്നലേകളിൽ, വിശ്വസംസ്ക്കാരങ്ങളിലും നാഗരികതകളിലും ജനപഥങ്ങളിലും ദർശനങ്ങളിലും ഈ പ്രതീക്ഷ ശക്തിപ്പെടുത്തുകയായിരുന്നു. നൂറ്റാണ്ടുകളുടെ കണ്ണാടിയിൽ ഉടനീളം ലോകത്തിന്റെ പ്രതീക്ഷയാണ് പ്രതിബിംബിച്ചത്. ലോകത്തിന്റെ നാലു ദിക്കുകളിൽ നിന്നും ജനപഥങ്ങൾ തീർത്ഥാടകരെപ്പോലെ ഇറങ്ങിത്തിരിച്ചു ആ ചരിത്ര പുരുഷനെ നേരിൽ കാണുവാൻ.

## (2) യുഗങ്ങളുടെ പ്രതീക്ഷ

ജറുശലേം ദേവാലയത്തിലും സിന്നഗോഗുകളിലും യഹൂദാ റബ്ബിമാരും മഹാപുരോഹിതന്മാരും വിശുദ്ധചുരുളുകൾ വിടർത്തി വായിച്ചപ്പോഴെല്ലാം, മോശയുടെ പുസ്തകങ്ങളിലും പ്രവാചക ഗ്രന്ഥങ്ങളിലും സങ്കീർത്തനങ്ങളിലും യുഗങ്ങളുടെ പ്രതീക്ഷയും യിസ്രായേലിന്റെ മഹത്വവും ലോകത്തിന്റെ രക്ഷയുമായ പുരുഷനേക്കുറിച്ചുള്ള പരാമർശങ്ങളും സൂചനകളും അവർ അറിഞ്ഞിരുന്നു. മനസ്സുകൊണ്ടു അടിവരയിട്ട് വിശുദ്ധലിഖിതങ്ങളിൽ തെളിഞ്ഞുവരുന്ന രക്ഷകനെ കാണുവാൻ അവർ കാത്തുനിന്നു. ആകാംക്ഷയോടെ. ആ വഴിയെ നടന്നുവന്ന പലരോടും അവർ ചോദിച്ചു: “വരുവാനുള്ളവൻ നീയോ”? പണ്ഡിതന്മാരും ദാർശനികന്മാരും പ്രവാചകന്മാരും ആ ചോദ്യത്തിനു മറുപടി പറയാനാവാതെ അവരുടെ വഴിയെ കടന്നുപോയി.

പ്രവാചക പരമ്പരയിലെ അവസാന കണ്ണിയായ യോഹന്നാൻ സ്നാപകൻ തന്റെ പിന്നാലെ വരുന്ന രക്ഷകനെ തിരിച്ചറിഞ്ഞു. അദ്ദേഹം ഒരു മുന്നോടിയെപ്പോലെ സമൂഹത്തോടു വിളിച്ചു പറഞ്ഞു: “കണ്ടാലും ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” അതു ക്രിസ്തുവായിരുന്നു. ക്രിസ്തു ലോകചരിത്രത്തിന്റെ മദ്ധ്യേ ബിന്ദുവായതോടെ, യുഗങ്ങളുടെ പ്രതീക്ഷ ലക്ഷ്യം കണ്ടു. ലോകത്തിന്റെ നടുത്തളമായിരുന്നു ക്രിസ്തുവിന്റെ കർമ്മഭൂമി. അവിടെ നിന്നും ലോകത്തിന്റെ അതിരുകളിലേയ്ക്കു തുല്യദൂരവും. പലസ്തീനാ ക്രിസ്തുവിനെ അടുത്തു നിന്നു കണ്ടു. ഹെരോദാവും അഗസ്റ്റസ് സീസറും തിബേരിയൂസ് സീസറും പൊന്തിയോസ് പീലാത്തൊസും ക്രിസ്തു സംഭവത്തിനു സാക്ഷ്യം വഹിച്ചു.

എ.ഡി. 30 ൽ കാൽവറിയിലെ ക്രൂശിൽ ക്രിസ്തുവിന്റെ രക്ഷാകര പദ്ധതി പൂർണ്ണമായി. “നിവൃത്തിയായി” എന്ന ക്രിസ്തുവിന്റെ പ്രസ്താവന രക്ഷാകരപദ്ധതിയുടെ പൂർണ്ണതയുടെ പ്രഖ്യാപനം കൂടിയാണ്. ചരിത്രത്തിലെ ക്രിസ്തു സംഭവം ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ആധികാരികവും മൗലികവുമായ ലോകചരിത്രങ്ങളിലെല്ലാം ക്രിസ്തു സംഭവം വിശദീകരിച്ചിട്ടുണ്ട്. യഹൂദാ ചരിത്രകാരന്മാരായ ഫ്ളാവിയസ് ജൊസീഫസും, റോമൻ ചരിത്രകാരനായ ടാസിറ്റസും ക്രിസ്തുവിനെ പറ്റി ആധികാരികമായി എഴുതിയിരിക്കുന്നു.

## (3) ഉയിർപ്പിൻ ശക്തി

പലസ്തീനായിൽ ദൈവരാജ്യം പ്രഘോഷിക്കുമ്പോൾ ക്രിസ്തുവിനു മുപ്പതു വയസ്സായിരുന്നു. അവിടുന്ന് ഏകനായി തന്നെ അയച്ച പിതാവിന്റെ ഹിതം വെളിപ്പെടുത്തി. യഹൂദമത പുരോഹിതന്മാരും റോമൻ സാമ്രാജ്യത്തിലെ ഭരണാധികാരികളും ഒരുപോലെ ക്രിസ്തുവിനു എതിരെ

നിന്നു. പക്ഷേ, പുരുഷാരം ക്രിസ്തുവിനോടൊപ്പമായിരുന്നു. അവിടുന്നു പന്ത്രണ്ടു പേരെ അപ്പൊസ്തലന്മാരായി തെരഞ്ഞെടുത്തു. ഒരു അവസരത്തിൽ എഴുപതുപേർ കൂടെ ക്രിസ്തുവിന്റെ സംഘത്തിൽ ഉൾചേർന്നു. ഏകദേശം മൂന്നര വർഷം തന്റെ ശിഷ്യന്മാരൊടൊപ്പം ക്രിസ്തു ദൈവരാജ്യം പ്രഘോഷിച്ചു. എ.ഡി.30–ാം ആണ്ട് ക്രിസ്തു ക്രൂശിക്കപ്പെട്ടു. മുമ്പു സൂചിപ്പിച്ചതുപോലെ രക്ഷാകരപദ്ധതി പൂർത്തിയാക്കി.

മരണത്തോടുകൂടെ ക്രിസ്തുവിന്റെ ചരിത്രം അവസാനിക്കുന്നില്ല. അവിടുന്നു അടക്കപ്പെട്ടു. പക്ഷേ മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. യഹൂദാ ചരിത്രകാരനായ ഫ്ളാവിയസ്സ് ജോസിഫസ് ആ സംഭവം രേഖപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടുകളിൽ ലോകം കണ്ട മഹാന്മാർ അവരുടെ ധന്യജീവിതത്തിലൂടെ ലോകത്തെ പ്രബുദ്ധമാക്കിയതിനുശേഷം ചരിത്രത്തിന്റെ ഓർമ്മകളായി മാറി. അവരുടെ കല്ലറകൾ അടഞ്ഞു കിടക്കുന്നു. പക്ഷേ, ലോകത്തിൽ ഇന്നും തുറന്നു കിടക്കുന്ന ഏക കല്ലറ ക്രിസ്തുവിന്റേതാണ്. ലോകചരിത്രത്തിലെ ആ ഒഴിഞ്ഞ കല്ലറ, ക്രിസ്തു കാൽവറിയിൽ നിവൃത്തിയാക്കിയ രക്ഷാകരപദ്ധതിക്കു തെളിവു നൽകുന്നു. ക്രിസ്തു നിസ്തുല്യനാണെന്ന സത്യത്തിനു ചരിത്രം അടിവരയിടുന്നു. ഉയിർത്തെഴുന്നേറ്റ ക്രിസ്തു, സ്വർഗ്ഗരോഹണം ചെയ്യുന്നതിനുമുമ്പ് ശിഷ്യന്മാർക്കു നൽകിയ അന്ത്യനിയോഗം സുപ്രധാനമാണ്. “സ്വർഗ്ഗത്തിനും ഭൂമിയിലും സകല അധികാരവും എനിക്കു ലഭിച്ചിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു. ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിപ്പിൻ. ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെയുണ്ട്.”

## (4) സ്വർഗ്ഗീയ നിയോഗം

ക്രിസ്തു ശിഷ്യന്മാർക്കു നല്കിയ വാഗ്ദത്തവും പ്രവർത്തനപദ്ധതിയും ഇവിടെ പ്രത്യേകം സ്മരണീയമാണ്. “നിങ്ങൾ യെരുശലേമിൽ നിന്നും വാങ്ങിപ്പോകാതെ, എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കേണം.” “എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും.” ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു സാക്ഷ്യം വഹിച്ച ശിഷ്യന്മാർ ഒലിവുമലയിൽ നിന്നും യെരുശലേമിൽ തിരിച്ചെത്തി. ക്രിസ്തുവിന്റെ നിർദ്ദേശപ്രകാരം വാഗ്ദത്തത്തിനായി കാത്തുകൊണ്ടു അവർ മർക്കൊസിന്റെ മാളികമുറിയിൽ പ്രാർത്ഥനാ നിരതനായി ഇരുന്നു. റോമൻ സാമ്രാജ്യവും റോമൻ മതവും യഹൂദാ മതവും അവർക്കെതിരായിരുന്നു. വെല്ലുവിളിയും ഭീഷണിയും ക്രിസ്തുശിഷ്യന്മാർക്കെതിരെ ഉയർന്നുകൊണ്ടിരുന്നു. പക്ഷെ, പീഡനങ്ങളുടെ നടുവിലും ക്രിസ്തുവിൽ വിശ്വസിച്ചവരുടെ എണ്ണം നൂറ്റിഇരുപതായി ഉയർന്നു.

എ.ഡി.30–ലെ പെന്തകോസ്തു നാൾ ലോകചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലാണ്. ദൈവീക കാര്യപരിപാടിയിലെ “കായിറോസ്” അന്ന് പരിശുദ്ധാത്മാവ് ചരിത്രത്തിൽ ആഗതനായി. പിതാവിനോടു കേട്ട വാഗ്ദത്തം അതിന്റെ സമ്പൂർണ്ണതയിൽ യാഥാർത്ഥ്യമായി. മർക്കൊസിന്റെ മാളികമുറിയിൽ കാത്തിരുന്നവർ പരിശുദ്ധാത്മസാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞു. ചരിത്രത്തിലെ അത്യപൂർവ്വമായ സ്വർഗ്ഗീയ അനുഭവമായിരുന്നു അത്. പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിൽ എ.ഡി

30–ൽ യെരുശലേമിലെ മർക്കോസിന്റെ മാളിക മുറിയിൽ ക്രിസ്തുവിന്റെ സഭ രൂപംകൊണ്ടു. "സകലവും സൃഷ്ടിച്ച ദൈവത്തിൽ അനാദികാലം മറഞ്ഞുകിടന്ന 'മർമ്മ' മാണ് 'സഭ'. സൃഷ്ടിയായ മനുഷ്യനെ സംബന്ധിച്ചു സ്രഷ്ടാവായ ദൈവത്തിന്റെ തിരുഹൃദയത്തിൽ രൂപംകൊണ്ട മഹത്തായ പദ്ധതി. ക്രിസ്തുവിന്റെ രക്ഷാകര പദ്ധതിയിൽ അധിഷ്ഠിതമായി, പരിശുദ്ധാത്മസാന്നിധ്യത്തിൽ, കാലത്തിന്റെ തികവിൽ, ദൈവത്തിന്റെ കായിറോസിൽ 'സഭ' എന്ന പദ്ധതി ചരിത്രത്തിൽ യാഥാർത്ഥ്യമായി. യഹൂദനും യവനനും മതപരമായും സ്വർഗ്ഗീയമായും ഒരിക്കലും ഒന്നിക്കാനാവാതെ അകലം കണ്ടു. കഴിഞ്ഞുകൂടിയ സാമൂഹ്യവ്യവസ്ഥിതിക്കു വിരുദ്ധമായി. ക്രിസ്തുവിൽ രക്ഷകനെ കണ്ടെത്തിയ യഹൂദനേയും യവനനെയും ഒന്നാക്കുന്ന സ്വർഗ്ഗീയ പദ്ധതി. "കർത്താവ് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു." എന്നു പ്രഥമ സഭാചരിത്ര ഗ്രന്ഥമായ "അപ്പൊസ്ഥല പ്രവൃത്തികളിൽ"ചരിത്രകാരനായ ലൂക്കൊസ് എഴുതി. സഭ (എക്ലേസിയാ) രക്ഷിക്കപ്പെടുന്നവരുടെ ഐക്യമാണ്; കൂട്ടായ്മയാണ്.

### (5) ആളിക്കത്തുന്ന അഗ്നി

ക്രൈസ്തവ സഭയുടെ ആദ്യത്തെ വിശദീകരിക്കുന്ന പ്രഭാഷണം യെരുശലേമിൽ നടന്നു. പത്രൊസ് പതിനൊന്നു പേരൊടുകൂടെ നിന്നു പ്രസംഗിച്ചു. "ദൈവം നിങ്ങൾക്കു കാണിച്ചു തന്ന പുരുഷനായ യേശുവിനെ തന്നെ ദൈവം കർത്താവും ക്രിസ്തുവുമാക്കി വച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ." ആ പ്രസംഗം കേട്ടു. "അവന്റെ വാക്കു കൈക്കൊണ്ടവർ സ്നാനം ഏറ്റു, അന്നു മൂവായിരത്തോളം പേർ' അപ്പൊസ്തലന്മാരോട് ചേർന്നു. അങ്ങനെ ക്രിസ്തുവിൽ വിശ്വസിച്ച നൂറ്റിഇരുപതോളം പേരൊടുകൂടെ മൂവായിരം പേർ കൂടെ ഉൾചേർന്നിരിക്കുന്നു. വളരെ പെട്ടെന്നു തന്നെ ധാരാളം പേർ ക്രിസ്തുവിൽ വിശ്വസിച്ചു. 'പുരുഷന്മാരുടെ എണ്ണം തന്നെ അയ്യായിരത്തോളം ആയി' എന്നു ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നു.

ക്രിസ്തുവിന്റെ സഭയ്ക്കു പീഡനങ്ങളും പോരാട്ടങ്ങളും അഭിമുഖീകരിക്കേണ്ടി വന്നു. സുവിശേഷ പ്രചാരണത്തിന് ഭരണാധികാരിൽ വിലക്കുകൾ ഏർപ്പെടുത്തി. ക്രൈസ്തവ സഭയിലെ ആദ്യത്തെ രക്തസാക്ഷിയാണ് സ്തെഫാനൊസ് (എ.ഡി.35). പ്രതിബന്ധങ്ങളും പീഡനങ്ങളും ഒരിക്കലും ക്രിസ്തുവിന്റെ സഭയെ തളർത്തിയിട്ടില്ല. വർദ്ധിതമായ പരിശുദ്ധാത്മാവ് ആർജ്ജിച്ചു വ്യക്തമായ ദിശാബോധത്തോടെ വളർച്ചയുടെ വഴിയിൽ മുന്നേറുന്ന ചരിത്രമാണ് സഭയുടേത്. സ്തെഫാനൊസ് കല്ലേറ്റു അതിദാരുണമായി കൊല്ലപ്പെട്ടത്. ക്രിസ്തു വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു വന്ന തർസോസുകാരൻ ശൗലിന്റെ മാനസാന്തരത്തിന് വഴിയൊരുക്കി എന്നതാണ് സത്യം (എ.ഡി.35). ഈ ശൗൽ ക്രൈസ്തവ സഭയിൽ പൗലൊസ് എന്ന പേരിൽ ശ്രദ്ധേയനായി. ഒരു വീടും വിടാതെ എല്ലാ വീടുകളിലും യേശു തന്നെ ക്രിസ്തു എന്നു അദ്ദേഹം തെളിയിച്ചു വിശദീകരിച്ചു. അനേക വ്യക്തികൾ ക്രിസ്തുദർശനം ഉൾക്കൊള്ളുവാൻ കാരണമായി. പൗലോസിനെയും സഹപ്രവർത്തകനായ ശീലാസിനെയും സുവിശേഷ വിരോധികൽ ജയിലിലടച്ചു. പക്ഷേ അവർ ജയിൽ അധികാരിയേയും കുടുംബത്തേയും ക്രിസ്തുവിനു വേണ്ടി നേടിയാണ് പുറത്തുവരുന്നത്. റോമൻ സാമ്രാജ്യത്തിന്റെ ഭരണാധികാരികളിൽ പോലും ക്രിസ്തു ദർശനത്തിനു സ്വാധീനം ഉണ്ടാക്കുവാൻ പൗലോസിനു കഴിഞ്ഞു. 'പട്ടണത്തിന്റെ ഭണ്ഡാരവിചാരകമായ എരസ്തോസും സഹോദരനായ ക്വത്തൊസും നിങ്ങളെ വന്ദനം ചെയ്യുന്നു.' എന്റെ

ബന്ധനങ്ങൾ ക്രിസ്തു നിമിത്തമാകുന്നു എന്നു അകമ്പടി പട്ടാളത്തിൽ ഒക്കെയും ശേഷം എല്ലാവർക്കും തെളിവായി വരികയും വിശുദ്ധന്മാർ എല്ലാവരും വിശേഷാൽ കൈസരുടെ അരമനയിലുള്ളവരും നിങ്ങളെ വന്ദനം ചെയ്യുന്നു തുടങ്ങിയ പൗലോസിന്റെ ലേഖനങ്ങളിലെ പരാമർശങ്ങൾ ഇക്കാര്യം സ്ഥിരീകരിക്കുന്നു.

### (6) പീഡനങ്ങളിൽ തളരാതെ

പീഡനങ്ങളുടെയും ഭീഷണികളുടെയും വിലക്കുകളുടെയും നടുവിൽ ആദിമകാല ക്രൈസ്തവ സമൂഹത്തിന്റെ പ്രേക്ഷിത പ്രവർത്തനങ്ങൾ നിശ്ശബ്ദമായിരുന്നു എന്നു പറയാം. പക്ഷേ അതു വളരെ ശക്തവും ഫലകവും വ്യാപകവുമായിരുന്നു. യെരുശേലമിലും അന്ത്യോക്യയിലും സഭകൾ രൂപംകൊണ്ടു. യൂറോപ്പിലേക്കും സഭയെ വ്യാപിച്ചു. ലോകത്തിന്റെ അതിരുകളിലേക്കു പ്രേക്ഷിത പ്രവർത്തനങ്ങൾ വ്യാപിക്കുകയയായിരുന്നു. “എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു.” അവർ പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാൺകയാലും ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്നു ഗ്രഹിക്കയാലും ആശ്ചര്യപ്പെട്ടു,” തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അവർ സന്തോഷിച്ചുകൊണ്ടു ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിന്നു പുറപ്പെട്ടുപോയി. പിന്നെ അവർ ദിനംപ്രതി ദേവാലയത്തിലും വീടുതോറും വിടാതെ ഉപദേശിക്കുകയും യേശുവിനെ ക്രിസ്തു എന്നു സുവിശേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു” തുടങ്ങിയ ചരിത്ര പരാമർശങ്ങൾ ആദികാലസഭയുടെ പ്രേക്ഷിത പ്രവർത്തന ശൈലി വ്യക്തമാക്കുന്നു.

പ്രേക്ഷിത പ്രവർത്തനത്തെ സംബന്ധിച്ചു രാഷ്ട്രത്തിന്റെ പ്രതികരണം ഇതായിരുന്നു. “ഈ നാമത്തിൽ ഉപദേശിക്കരുത് എന്നു ഞങ്ങൾ നിങ്ങളോടു അമർച്ചയായി കല്പിച്ചുവല്ലോ നിങ്ങളൊ യെരുശലേമിനെ നിങ്ങളുടെ ഉപദേശംകൊണ്ടു നിറച്ചിരിക്കുന്നു.” ലോകത്തെ കീഴ്മേൽ മറിക്കുന്നവർ ഇവിടെയും എത്തി ആദിമക്രൈസ്തവ സമൂഹത്തിന്റെ ആത്മഭാവരവും സുവിശേഷദർശനവും ആധുനിക സഭ അനുകരിക്കേണ്ടിയിരിക്കുന്നു.

അന്ത്യോക്യയിൽ വച്ചാണ് ക്രിസ്തു ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന പേരു ലഭിച്ചത് (എ.ഡി.43). ഇതിനു മുമ്പ് തന്നെ ക്രൈസ്തവ സഭയുടെ ഉപദേശരൂപവും ശൈലിയും ആത്മീയ ആചാരങ്ങളും സഭാപരിപാലനവിധവും പരിശുദ്ധാത്മാവിനാൽ ക്രോഡീകരിക്കപ്പെട്ടു കഴിഞ്ഞിരുന്നു. പ്രേക്ഷിത പ്രവർത്തനം, ആരാധന, അപ്പംനുറുക്കൽ, പ്രാർത്ഥന, പങ്കുവെയ്ക്കൽ എന്നീ കാര്യങ്ങൾ സംബന്ധിച്ചു വ്യക്തമായ പ്രബോധനവും ധാരണയും ഉണ്ടായിരുന്നു. വിശ്വാസികളുടെ ഐക്യവും കൂട്ടായ്മയും വിശുദ്ധിയും പരിശുദ്ധാത്മാവിനോടുള്ള വിധേയത്വവും അപ്പൊസ്തലന്മാരുടെ പ്രബോധനത്തോടുള്ള ആഭിമുഖ്യവും പ്രത്യേകം ശ്രദ്ധേയമാണ്. സഭാ പരിപാലനക്രമം പൗലോസ് എഫേസ്യർക്കെഴുതിയ ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്. “ശരീരം ഒന്ന്, ആത്മാവ് ഒന്ന്, കർത്താവ് ഒരുവൻ, വിശ്വാസം ഒന്ന്, സ്നാനം ഒന്ന്, എല്ലാവർക്കും മീതെയുള്ളവനും എല്ലാവരിലും കൂടെ വ്യാപരിക്കുന്നവനും എല്ലാവരിലും ഇരിക്കുന്നവനുമായി എല്ലാവർക്കും ദൈവവും പിതാവുമായവൻ ഒരുവൻ.....അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരിക്കുന്നു. അപ്പൊസ്തലപ്രവൃത്തികളും അപ്പൊസ്തലന്മാരുടെ ലേഖനങ്ങളും, ബൈബിളിനു പുറമെ ആദിമകാല ക്രൈസ്തവസാഹിത്യങ്ങളിൽ ഉൾപ്പെടുന്ന ‘ഡിഡാക്കേ’ (എ.ഡി.100–150)

തുടങ്ങിയ ഗ്രന്ഥങ്ങളും വായിച്ചാൽ ആദിമകാല ക്രൈസ്തവ സഭയുടെ വ്യക്തിത്വവും പ്രബോധനവും ശൈലിയും ആരാധനയും മനസ്സിലാക്കാം.

### (7) പ്രലോഭനങ്ങളിൽ കുടുങ്ങാതെ

'ഏകം' എന്നതിനു സഭയുടെ അടിസ്ഥാന സവിശേഷതകളിൽ ഒന്നാണ്. നിഖ്യ–കോൺസ്റ്റാന്റിനോപ്പിൾ സുന്ന ഹദോസിൽ രൂപംകൊണ്ട് വിശ്വാസപ്രമാണം ക്രൈസ്തവ സഭയുടെ നാല് ലക്ഷണങ്ങളെപ്പറ്റി വ്യക്തമാക്കുന്നുണ്ട്. 1. ഏകം 2. അപ്പൊസ്തലികം 3. സാർവ്വത്രികം 4. വിശുദ്ധം. ക്രൈസ്തവസഭയുടെ ഈ അടിസ്ഥാന സവിശേഷതകൾ എക്കാലത്തും സംരക്ഷിക്കപ്പെടേണ്ടതു ആവശ്യമാണ്. ആധുനിക സഭയ്ക്കു ഈ അടിസ്ഥാന സവിശേഷതകൾ അവകാശപ്പെടുവാൻ കഴിയുമോ? ക്രിസ്തുവിന്റെ സഭ ലോകചരിത്രത്തിൽ ഇരുപതു നൂറ്റാണ്ടുകൾ പിന്നിടുമ്പോൾ ആദിമ ക്രൈസ്തവ സഭയിൽ ക്രിസ്തുവിനുണ്ടായിരുന്ന കർതൃത്വം, പരിശുദ്ധാത്മാവിനോടുള്ള വിധേയത്വം, ദൈവവചനത്തോടുള്ള അനുസരണം, സത്യത്തിലും ആത്മാവിലും ഉള്ള ആരാധന, സ്നേഹത്തിലും ത്യാഗത്തിലും അധിഷ്ഠിതമായ വിശ്വാസികളുടെ കൂട്ടായ്മബന്ധം, ജീവിതവിശുദ്ധി, സുവിശേഷദർശനം എന്നീ ആത്മീയ മൂല്യങ്ങൾ അതേ നിലവാരത്തിലും ഗൗരവത്തിലും പരിരക്ഷിക്കപ്പെടുന്നുണ്ടോ എന്നു ഉറപ്പുവരുത്തേണ്ടതുണ്ട്.

ഇരുപതു നൂറ്റാണ്ടുകൾ ചരിത്രത്തിൽ പിന്നിട്ടു എന്നതു സത്യമാണ്. തലമുറകൾ നീങ്ങിപ്പോയി. വ്യവസ്ഥികൾക്കു മാറ്റം വന്നു. ദർശനങ്ങൾ തിരുത്തപ്പെട്ടു. ഭരണകൂടങ്ങൾ മാറിപ്പോയി, ജീവിതസാഹചര്യങ്ങളിലും മാറ്റം വന്നു. സാമ്രാജ്യങ്ങൾ തകർന്നു. സമര നായകന്മാരും ഭരണാധികാരികളും മങ്ങിയ ഓർമ്മയായി. പക്ഷേ, ഇന്നും ക്രിസ്തുവിനു മാറ്റം ഇല്ല. "യേശു ക്രിസ്തു ഇന്നലെയും ഇന്നും എന്നന്നേയ്ക്കും അനന്യൻ തന്നെ" പൗലൊസിന്റെ ഈ പ്രസ്താവന കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകളുടെ ചരിത്രം ശരിവെയ്ക്കുന്നു. ഇവൻ എത്ര മഹാൻ എന്നു നോക്കുവിൻ. ക്രിസ്തു ഇന്നും നിസ്തുല്യനാണ്. ക്രിസ്തുവിനും ക്രിസ്തുവിന്റെ പ്രബോധനത്തിനും ക്രിസ്തുവിന്റെ ദർശനത്തിനും ക്രിസ്തുവിന്റെ ശൈലിയ്ക്കും ആധുനിക സഭ അർഹിക്കുന്ന പ്രസക്തി നൽകുന്നുണ്ടോ? ആസ്യയിലെ ഏഴു സഭകളെക്കുറിച്ചു വെളിപ്പാടു പുസ്തകത്തിൽ നാം വായിക്കുന്നു. ലവൊദിക്യസഭയുടെ അവസ്ഥ എന്ത്? ലവൊദിക്യസഭയിൽ ക്രിസ്തുവിന്റെ സ്ഥാനം എവിടെ? വാസ്തവത്തിൽ മൂല്യങ്ങൾ നഷ്ടപ്പെട്ടു. നിർഭാഗ്യനും, അരിഷ്ടനും, ദരിദ്രനും, കുരുടനും, നഗ്നനും ആയി മാറിയ ലവൊദിക്യ സഭ. ഞാൻ ധനവാൻ, സമ്പന്നൻ, ആയിരിക്കുന്നു. എനിക്കു ഒന്നിനും മുട്ടില്ല എന്നു വസ്തുതകൾക്കു വിരുദ്ധമായി അവകാശവാദം മുഴക്കുന്നു! അവിടെ ക്രിസ്തു സഭയ്ക്കു പുറത്തു, വാതിൽക്കൽ നില്ക്കുന്നു.

ഇത് അത്യന്തം അപകടകരമായ ദുഃസ്ഥിതി. ആധുനിക സഭയുടെ യഥാർത്ഥ ചിത്രമാണോ ലവൊദിക്യസഭ പ്രതിബിംബിക്കുന്നത്? സഭയിൽ ക്രിസ്തുവിന്റെ കർത്തൃത്വം അംഗീകരിക്കപ്പെടുന്നുണ്ടോ? ക്രിസ്തുവിന്റെ സ്ഥാനം മറ്റു കർത്താക്കന്മാർ അപഹരിച്ചാൽ ആധുനിക സഭ ലവൊദിക്യ സഭയെപ്പോലെ അധഃപതിക്കും. ലവൊദിക്യ സഭ നല്കുന്ന അപകട മുന്നറിയിപ്പ് ആധുനുക സഭയ്ക്കു മനസ്സിലാക്കുവാൻ കഴിയണം.

### (8) ലോകം സഭയിൽ

പീഡനങ്ങൾക്കിടയിലും ആത്മനിറവിലും ആത്മശക്തിയിലും ജ്വലിച്ചു ലോകത്തിന്റെ പ്രകാശഗോപുരമായി നിന്ന ക്രിസ്തുവിന്റെ സഭയ്ക്കു എന്തു പറ്റി? റോമൻ സാമ്രാജ്യങ്ങളും ക്രിസ്തു

വിന്റെ സഭയ്ക്കു എതിരായിരുന്നു. സൈന്യത്തേയും ആയുധത്തേയും നിയമത്തേയും സഭയ്ക്കെതിരെ ഉപയോഗിച്ചു. പക്ഷേ, സഭ തളർന്നില്ല. സഭയുടെ ചൈതന്യവും ശക്തിയും വർദ്ധിക്കുകയായിരുന്നു. പാതാളഗോപുരങ്ങൾ സഭയെ ജയിക്കുകയില്ല എന്നു സഭാകാന്തനായ ക്രിസ്തു പറഞ്ഞിട്ടുണ്ട്. സഭയെ രാഷ്ട്രം വിരുദ്ധശക്തിയായി കണ്ടു. തല്ലി തകർക്കാം എന്നു കരുതി.

രാഷ്ട്രത്തിനു ഒരു കാര്യം ബോദ്ധ്യമായി. സഭയുടെ സ്വാധീനം ശക്തമാണ്. സഭയെ കൂടാതെ റോമൻ സാമ്രാജ്യത്തിനു നിലനിൽക്കാനാവില്ല. സാമ്രാജ്യത്തിന്റെ അടിച്ചുടവടു തകർന്നിരിക്കുന്നു. കോൺസ്റ്റൈന്റെൻ ചക്രവർത്തി ഈ വസ്തുത തിരിച്ചറിഞ്ഞു. സഭയുമായി ചങ്ങാത്തത്തിനു അദ്ദേഹം മനസ്സുവെച്ചു. സഭാ നേതൃത്വത്തെ അദ്ദേഹം സ്വാധീനിച്ചു. സഭയുടെ അടിസ്ഥാന പ്രമാണങ്ങൾക്കു നേരേ കണ്ണടച്ചുകൊണ്ടു സഭാ നേതൃത്വം, ക്രിസ്തുവിനെ രക്ഷകനും കർത്താവും എന്നു വിശ്വസിച്ചു ഏറ്റു പറയാത്ത, **സ്നാനം സ്വീകരിക്കാത്ത കോൺസ്റ്റൈന്റെൻ ചക്രവർത്തിയ്ക്കു സഭയിൽ കയറി കൂടുവാൻ വഴി തുറന്നുകൊടുത്തു.** അതോടെ ക്രൈസ്തവസഭ അഭിമുഖീകരിച്ചു വന്ന പീഡനത്തിനു തിരശ്ശീല വീണു. സഭാ നേതൃത്വത്തിനു സമ്പത്തും അധികാരവും കിട്ടി. കോൺസ്റ്റൈന്റെൻ ചക്രവർത്തിയുടേതു തികച്ചും ദുരുദ്ദേശവും രാഷ്ട്രീയ ലക്ഷ്യവുമായിരുന്നു. എ.ഡി.313–ൽ റോമൻ ചക്രവർത്തി കോൺസ്റ്റൈന്റെൻ, മിലാൻ വിളംബരത്തിലൂടെ ക്രൈസ്തവ സഭയെ റോമൻ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി പ്രഖ്യാപിച്ചു. സഭ ഭൗതികമായി സമ്പന്നയായി. സഭയുടെ അതിരുകൾ റോമൻ സാമ്ര്യാജ്യത്തിന്റെ ഭരണത്തിൽ പങ്കാളിത്തമുള്ള അധികാരികളായി. ഇന്നലെവരെ അവർക്കു അന്യമായിരുന്ന പദവികളും സ്ഥാനവസ്ത്രങ്ങളും ജീവിതസൗകര്യങ്ങളും ലഭിച്ചു. അന്ന് ക്രിസ്തു സഭയിലേയ്ക്കു കൂട്ടമതംമാറ്റമാണ് നടന്നത്.

ക്രിസ്തുവിന്റെ മഹത്തായ സുവിശേഷ തത്വങ്ങൾ അവഗണിക്കപ്പെട്ടു. 'വെള്ളിയും പൊന്നും എനിയ്ക്കില്ല. എനിക്കുള്ളതു നിനക്കു തരുന്നു, നസറാനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക' എന്ന പത്രൊസിന്റെ പ്രസ്താവന, ആദിമ ക്രൈസ്തവസഭയുടെ ആത്മീയ മൂല്യങ്ങൾ ഈടുവെച്ചു റോമൻചക്രവർത്തിയുടെ വെള്ളിയും പൊന്നും പകരം വാങ്ങിയ പിൻഗാമികൾ ബോധപൂർവ്വം തിരുത്തുകയായിരുന്നു. ദിശാബോധം നഷ്ടപ്പെട്ട സഭാനേതൃത്വം. ഇവിടെ **വാസ്തവത്തിൽ സംഭവിച്ചത് ക്രിസ്തുവിന്റെ മാർഗ്ഗം അഥവാ സഭാ മറ്റൊരു 'മത' മായി അധഃപതിച്ചു.** ചരിത്രത്തിൽ പരിശുദ്ധാത്മാവ് ഏറെ ദുഃഖിച്ച കറുത്ത ദിവസമായിരുന്നു അത്. ക്രിസ്തുവിന്റെ കർത്തൃത്വത്തിനെതിരെ രാഷ്ട്രീയ കരുത്തോടെ സഭാധികാരികൾ പ്രതികരിച്ച ദിവസം.

### (9) അടിസ്ഥാനം ഇളകുന്നു

ആദിമക്രൈസ്തവ സഭയുടെ ആത്മീയ മൂല്യങ്ങളും അപ്പൊസ്തലിക പ്രബോധനങ്ങലും അവഗണിക്കപ്പെട്ടു തുടങ്ങി. രാഷ്ട്രവും ഭരണവും അധികാരവും സമ്പത്തും തുടങ്ങി. രാഷ്ട്രവും ഭരണവും അധികാരവും സമ്പത്തും സ്വാതന്ത്ര്യവും ഇതിനു വഴികൾ ഒരുക്കി. 'അധികാര' ത്തിന്റേയും 'ഭരണ' ത്തിന്റേയും 'പദവി' യുടേയും ഭാഗത്തു നിന്നാണ് സഭാ നേതൃത്വത്തിന് ആദ്യ പ്രലോഭനം ഉണ്ടായത്. ഇവിടെ അവർ വീണു പോയി. സഭാപരിപാലനത്തിനു അപ്പൊസ്തലന്മാർ പ്രബോധിപ്പിക്കുകയും ഏർപ്പെടുത്തുകയും പ്രായോഗികമാക്കുകയും ചെയ്ത വചനവ്യവസ്ഥയ്ക്കു അവർ മാറ്റം വരുത്തി. ക്രിസ്തുവിന്റെ ദർശനത്തിനും ശുശ്രൂഷാമനോഭാവത്തിനും താഴ്മയ്ക്കും സ്നേഹത്തിനും ത്യാഗത്തിനും സ്വയവർജ്ജനത്തിനും ലാളിത്യത്തിനും വിരുദ്ധമാ

യി. അധികാരത്തിന്റേയും ഭരണത്തിന്റെയും ആർഭാടത്തിന്റേയും സമ്പത്തിന്റേയും വഴി അവർ ഒരുക്കി എടുത്തു.

അതോടെ ക്രിസ്തുവിന്റെ ദർശനവും പ്രബോധനവും സമൂഹത്തിൽ തെറ്റിദ്ധരിക്കപ്പെട്ടു. യഹൂദാ, ബാബിലോണിയ, റോമൻ മതങ്ങളെ അനുകരിച്ചുകൊണ്ടു പൗരോഹിത്യാധിപത്യം ക്രിസ്തുവിന്റെ സഭയിൽ ഏർപ്പെടുത്തുകയായിരുന്നു ലക്ഷ്യം. വിശ്വാസികളുടെ പൗരോഹിത്യ മാണ് ക്രിസ്തുവിന്റെ സഭയുടെ പ്രബോധനം. രാജകീയ പുരോഹിതവർഗ്ഗം എന്നാണ് പത്രൊസ് വിശ്വാസസമൂഹത്തെ വിശേഷിപ്പിച്ചത്. (1 പത്രോസ് 2:9) ഇതിനു വിരുദ്ധമായി 'വിശ്വാസി' 'പുരോ ഹിതൻ' 'ബിഷപ്പ്' എന്നിങ്ങനെയുള്ള വിഭജനത്തെ സംബന്ധിച്ചു ചിന്തിക്കുവാൻ തുടങ്ങി. അന്ത്യോ കൃയിലെ ഇഗ്നാത്തിയോസാണ് (എ.ഡി.35–110) ഇത്തരം ചിന്തയ്ക്കു തുടക്കം കുറിച്ചത്. പക്ഷേ, അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഈ വിഭജനം നിലവിൽ വന്നിരുന്നില്ല.

### (10) അധികാരങ്ങൾ അരങ്ങേറുന്നു

ഇഗ്നാത്തിയോസിന്റെ ആശയങ്ങളുടെ ചുവടുപിടിച്ചു എ.ഡി.215–ൽ റോമയിലെ ഹിപ്പോ ളിറ്റസ് എഴുതിയ എന്ന Traditio Apostolica എന്ന കൃതി Prestleyeteroi (Elder) Episkopor (Overseers) എന്നീ ശുശ്രൂഷകളെ 'ബിഷപ്പ്' എന്ന അധികാര പദവിയിലേയ്ക്കു ഉയർത്തി. ബിഷപ്പിനു പരമാ ധികാരം നല്കുന്ന അദ്ദേഹം അല്മായർ, പുരോഹിതൻ എന്നിങ്ങനെ അടിസ്ഥാനപരമായ വിഭജ നം നടത്തി. കൈവെയ്പ്, മെത്രാഭിഷേകം എന്നീ ആചാരങ്ങൾ സഭയിൽ പ്രതിഷ്ഠിക്കപ്പെട്ടു. മൂന്നാം നൂറ്റാണ്ടിൽ സിറിയയിൽ എഴുതി തയ്യാറാക്കിയ മറ്റൊരു സഭാക്രമഗ്രന്ഥമാണ് Dedasealia Apostolorum (അപ്പൊസ്തലന്മാരുടെ പ്രബോധനങ്ങൾ). ഇതിന്റെ ഗ്രന്ഥകാരനെക്കുറിച്ചു വ്യക്ത മായ അറിവില്ല. പൗരോഹിത്യാധിപത്യത്തെ സ്ഥിരീക്കിക്കുന്നതാണ് രചനാലക്ഷ്യം.

ബിഷപ്പ് എന്നത് ഒരു അധികാരമാണ്. 'ശുശ്രൂഷ' യ്ക്കും 'ശുശ്രൂഷകനും' പുതിയ ഭാഷ്യം നല്കുന്ന മറ്റൊരു ഗ്രന്ഥമാണ് നാലാം നൂറ്റാണ്ടിൽ രചിച്ച Apostolic Constitutions എന്നത്. അരിയൂ സിന്റെ ഒരനുയായാണ് ഗ്രന്ഥകാരൻ എന്ന് അഭിപ്രായമുണ്ട്. "ക്ലീമസിലൂടെ അപ്പോസ്തലന്മാർ നല്കിയ വിവരങ്ങൾ' എന്നാണ് ഒരു വിവർത്തനത്തിൽ കാണുന്ന തലക്കെട്ട്. മെത്രാൻ, സഭാഭര ണം, പൗരോഹിത്യാധിപത്യം തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നു. ശുശ്രൂഷകൻ (ഡീക്കൻ) മെത്രാനെ ശുശ്രൂഷിക്കണമെന്നും, മെത്രാനെ കൂടാതെ ശുശ്രൂഷകളിൽ ഒന്നും ചെയ്യരുതെന്നും ഈ ഗ്രന്ഥം ചൂണ്ടിക്കാട്ടുന്നു.

പൗരോഹിത്യാധിപത്യം ഉറപ്പിച്ചതിലൂടെ, റോമൻ സാമ്രാജ്യത്തിന്റെ ഭരണസംവിധാനം അനുകരിച്ചു ക്രൈസ്തവ സഭയിൽ 'ഇടവകയും' രൂപതയും ക്രമീകരിച്ചു. 297–ലെ ഡയോക്ലീഷൻ ചക്രവർത്തിയുടെ ഭരണക്രമീകരണമാണ് ഇവിടെ അനുകരിക്കപ്പെട്ടത്. വൈദികന്റെ അധികാര ത്തിലാണ് ഇടവക. ഇടവകകളും വൈദികരും മെത്രാന്റെ അധികാരത്തിൽ വരും. ഒരു പ്രവിശ്യ യുടെ മുഴുവൻ അധികാരി 'മെത്രാപ്പോലീത്ത' യാണ്. ക്രിസ്തുവിന്റെ ശിഷ്യനും ദാസനും ശുശ്രൂ ഷകനും ഇങ്ങനെ 'അധികാരിയും' 'ജന്മി' യുമായി മാറി. 'ശുശ്രൂഷൻ' 'ശുശ്രൂഷിക്കപ്പെടുന്നവ' നായി. റോമിലെ സഭയുടെ ബിഷപ്പ് സ്വയം സ്വീകരിച്ച അധികാരപരമായ സംജ്ഞയാണ് മാർപാപ്പ അഥവാ പോപ്പ് എന്നത്. മാർപ്പാപ്പയുടെ അപ്രമാദിത്വം പ്രബോധനമാക്കി മാർപ്പാപ്പ്യെ മഹത്വവ ത്ക്കരിക്കകയും ചെയ്തു. ലത്തീനിൽ പാപ്പാ എന്ന പദത്തിനു പിതാവ് എന്നാണർത്ഥം. ഭൂമിയിൽ ആരെയും പിതാവ് എന്നു വിളിക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ്. സ്വർഗ്ഗസ്ഥൻ തന്നെ."

എന്നാണ് ക്രിസ്തു ശിഷ്യന്മാരെ പഠിപ്പിച്ചത്. ഈ ക്രിസ്തുവചനത്തിനു വിരുദ്ധമായിട്ടാണ് സഭാ പരിപാലനക്രമത്തിൽ അധികാരത്തിലും ഭരണത്തിലും അധിഷ്ഠിതമായി പുതിയ പ്രവണതകൾ മുളയെടുത്തത്. അവ വളർന്നു വലുതായി പരിപാവനവും വചനാനുസരണവുമായ സഭാതത്വങ്ങളെ വികൃതമാക്കി.

സഭ ക്രിസ്തുവിന്റെ മൗതിക ശരീരമാണ്. ഈ ശരീരത്തിന്റെ ശിരസ്സ് ക്രിസ്തുവാണ്. ഓരോ വിശ്വാസികളും സഭയാം ശരീരത്തിൽ തുല്യ പങ്കാളിത്തവും പ്രാധാന്യവും ഉള്ള അവയവങ്ങളാണ്. ക്രിസ്തു സഭയുടെ ശിരസ്സാണ്. സഭാ കാന്തനുമാണ്. സഭ ക്രിസ്തുവിന്റെ മണവാട്ടിയും. പൗലോസ് ആ സഭാസത്യങ്ങൾ ലേഖനങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. പല അവയങ്ങൾ ചേർന്ന ശരീരം 'ഏക' മായിരിക്കുന്നതുപോലെ സഭയും ഏകമാണ്. ഈ അടിസ്ഥാന ധാരണകൾക്കെല്ലാം പിന്നീടു മാറ്റം വന്നു. സഭയിൽ 'പല ശിരസ്സുകളും' പല കർത്തൃത്വങ്ങളും വന്നു. ഫലത്തിൽ 'ഏകശരീരം' വിഭജിക്കപ്പെടുകയായിരുന്നു. നാലാം നൂറ്റാണ്ടിൽ ഫലത്തിൽ 'അഞ്ചു പാത്രിയർക്കാസിംഹാസനങ്ങൾ' നിലവിൽ വന്നു. 1. യെരുശലേം 2. റോം 3. കോൺസ്റ്റാന്റിനോ 4. അലക്സാന്ത്രിയാ 5. അന്ത്യോക്യാ. സുന്നഹദോസുകളിൽ പ്രബോധനപരമായ വ്യാഖ്യാനങ്ങളിലും വിശദീകരണങ്ങളിലും പിഴവുകൾ പറ്റി. അഭിപ്രായ ഭേദങ്ങളും തെറ്റിദ്ധാരണകളും ഉണ്ടായി.

വചനവിരുദ്ധമായ അനുകരണങ്ങൾ സംഭവിച്ചു. അപ്പൊസ്തലിക പാരമ്പര്യത്തിനും ആദികാല പ്രബോധനത്തിനും വിരുദ്ധമായി പല പ്രവണതകളേയും ചിന്തകളേയും അന്ധമായി അംഗീകരിച്ചു. പ്രമാണങ്ങളാക്കി. പല സുന്നഹദോസുകളിലും എടുത്ത തീരുമാനങ്ങൾ പക്ഷപാതപരമായിരുന്നു. ഓരോ വിഭാഗത്തെ ശത്രുക്കളായി മുൻകണ്ടുകൊണ്ടു അവർക്കെതിരെ കരുനീക്കങ്ങൾക്കുള്ള വേദിയായി സുന്നഹദോസുകളുടെ തീരുമാനങ്ങൾ അംഗീകരിക്കാത്തവരെ ശീശ്മകളായി മുദ്രകുത്തി മഹറോനൻ ചൊല്ലി ശപിച്ച് അവരെ മുഖ്യധാരയിൽ നിന്നും അകറ്റി നിറുത്തി.

**(11) ദുരുപദേശങ്ങൾ ചേക്കേറുന്നു**

431-ലെ എഫസോസ് സുന്നഹദോസും 451-ലെ കൽക്കദോനിയ സുന്നഹദോസും വളരെ വിവാദങ്ങൾ സൃഷ്ടിച്ചു. ക്രിസ്തു വിജ്ഞാനീയം സംബന്ധിച്ച ചർച്ചകളാണ് അടിസ്ഥാനപരമായി നടന്നതെങ്കിലും സഭാന്തരീക്ഷത്തിൽ കറുത്ത കോളുകൾ സൃഷ്ടിക്കുന്ന പലതും ഇവിടെ അരങ്ങേറി. വിഭാഗീതയ ശക്തിപ്പെട്ടു. സഭാവിഭാഗങ്ങൾ തമ്മിൽ ശാപവും ശത്രുതയും നൂറ്റാണ്ടുകളോളം നിലനിന്നു. ക്രിസ്തു വിജ്ഞാനീയത്തിൽ അന്ത്യോക്യൻ പാരമ്പര്യം നിലനിറുത്തിയ കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായ നെസ്തോറിയസിനെ സുന്നഹദോസ് വിശ്വാസ വിരുദ്ധനും ദുരുപദേഷ്ടാവും എന്നു വിമർശിച്ചു ശപിച്ചു തള്ളി.

യേശുവിന്റെ അമ്മ മറിയയെ 'ദൈവമാതാവാ' യി മഹത്വവത്ക്കരിക്കുവാനുള്ള ശ്രമം സുന്നഹദോസിൽ റോമിലെ മാർപ്പാപ്പയുടെ ഒത്താശയോടെ അലക്സാന്ത്രിയായിലെ ബിഷപ്പ് സിറിൽ നടത്തി. ഇതിനെതിരെ നെസ്തോറിയസ് ശക്തമായി വാദിച്ചു. മറിയ യേശുവിന്റെ അമ്മ മാത്രമാണെന്നും ദൈവത്തിന്റെ അമ്മ അല്ലെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇത് സിറിലിനെ അസ്വസ്ഥനാക്കി. നെസ്തോറിയസിനെതിരെ പക തീർക്കാനുള്ള വേദിയാക്കി സിറിൽ എഫെസോസ് സുന്നഹദോസിനെ ദുരുപയോഗിച്ചു. പ്രശ്നം ക്രിസ്തു വിജ്ഞാനീയം സംബന്ധിച്ചതാണെന്നു അദ്ദേഹം ദുർവ്യാഖ്യാനവും ചെയ്തു. നെസ്തോറിയസിനെ ദുരുപദേഷ്ടാവായി ശപിച്ചതോടെ അദ്ദേഹത്തോടു അനുഭാവമുള്ള വിശ്വാസികൾ എല്ലാ നിലയിലും അവഗണിക്കപ്പെട്ടു. വിമർശിക്കപ്പെട്ടു, പീഡിപ്പിക്കപ്പെട്ടു. നൂറ്റാണ്ടുകളോളം ഈ ദുഃസ്ഥിതി നിലനിന്നു.

സമീപകാലത്താണ് എഫസൊസ് സുന്നഹദോസിലെ നടപടി ചട്ടങ്ങളും തീരുമാനങ്ങളും തുടർന്നു അരങ്ങേറിയ ദുഃഖകരമായ സംഭവങ്ങളും പുനർവിചിന്തനത്തിനു വിധേയമാക്കണം എന്ന ചിന്ത ശക്തിപ്പെട്ടത്. എഫസൊസ് സുന്നഹദോസിൽ നെസ്തോറിയസിനു നീതി ലഭിച്ചില്ലെന്നും അദ്ദേഹത്തിനെതിരെ ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതമായിരുന്നെന്നും ആധുനിക സഭാചരിത്രകാരന്മാരും ദൈവശാസ്ത്രജ്ഞന്മാരും കണ്ടെത്തി. ഈ വീണ്ടുവിചാരത്തിന്റെ അടിസ്ഥാനത്തിൽ. 1994 നവംബർ 11–ാം തിയതി വത്തിക്കാനിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയും പൗരസ്ത്യ അസ്സീറിയൻ സഭയുടെ കാതോലിക്കോസ് മാർ ദിൻഹാ നാലാമനും ക്രിസ്തുവിജ്ഞാനിയം സംബന്ധിച്ച സംയുക്ത പ്രഖ്യാപനത്തിൽ ഒപ്പുവെച്ചു. 431–ലെ എഫസൊസ് സുന്നഹദോസിൽ കുറ്റം ആരോപിച്ചു ശപിച്ചു തള്ളിയ നെസ്തോറിയസിനെ 1994–ൽ കുറ്റരഹിതനായി പ്രഖ്യാപിച്ചു.

നൂറ്റാണ്ടുകളോളം നിലനിന്ന ഈ 'ശാപ' ത്തിനും 'അപമാന' ത്തിനും 'പീഡന' ത്തിനും 'ഭിന്നത' യ്ക്കും ആരായിരുന്നു ഉത്തരവാദി? ആശയാവിഷ്ക്കരണത്തിൽ ഉപയോഗിച്ച പദങ്ങളുടെ ശരി അർത്ഥം മനസ്സിലാക്കുവാൻ കഴിയാതെ പോയി എന്നതു മാത്രമല്ല, തന്റെ ആശയത്തെ എതിർത്ത എതിരാളിയോടുള്ള പകയും വിദ്വേഷവും കൂടെയാണ് നൂറ്റാണ്ടുകളോളം നിലനിന്ന ഉതപ്പിനു വഴി വച്ചത്. ഇത്തരം സുന്നഹദോസുകളും അവയ്ക്കു നേതൃത്വം നൽകിയ സഭാനേതൃത്വങ്ങളുമാണ് ക്രിസ്തുവിന്റെ സഭയെ ഇരുളിലേയ്ക്കു നയിച്ചത്. ക്രിസ്തുവിന്റെ കർത്തൃത്വത്തെ അവഗണിക്കുന്നവരുടെ ചിന്തയിൽ ക്രിസ്തു സാന്നിദ്ധ്യം ഇല്ല എന്നതാണ് സഭാതർക്കങ്ങളുടെ അടിസ്ഥാനകാരണം.

### (12) വചനം വഴിമാറുന്നു

ദൈവശാസ്ത്രവും ക്രിസ്തു വിജ്ഞാനീയവും സംബന്ധിച്ചുള്ള പഠനങ്ങളും സംവാദങ്ങളും നടന്നിട്ടുണ്ട്. പന്തേനൂസ് (200) ക്ലെമന്റ് (215) ഓറിഗൻ (253) തുടങ്ങിയവർ നേതൃത്വം നല്കിയ അലക്സാന്ദ്രിയായിലെ ദൈശാസ്ത്ര വിദ്യാപീഠവും, ലൂസിയാൻ (312) സ്ഥാപിച്ച അന്ത്യോക്യൻ വിദ്യാപീഠവും, മാർ അപ്രേം (306–373) നേതൃത്വം നല്കിയ പേർഷ്യയിലെ നിസിബിസിലുള്ള പേർഷ്യൻ ദൈവശാസ്ത്ര പഠനകേന്ദ്രവും എഡേസാവിദ്യാപീഠവും ഈ രംഗത്തു പ്രത്യേകം സ്മരണീയമാണ്. ആദ്യ നൂറ്റാണ്ടുകളിൽ തന്നെ ഇത്തരം പഠനകേന്ദ്രങ്ങൾ ഉണ്ടായത് ദൈവശാസ്ത്രപഠനത്തിന് ഏറെ സഹായകമായി. കുറെ പണ്ഡിതന്മാരെയും കുറെ ബുദ്ധിജീവികളേയും സഭയ്ക്കു കാഴ്ച വെയ്ക്കുവാൻ ഈ വിദ്യാപീഠങ്ങൾകൊണ്ടു സാധിച്ചിട്ടുണ്ട്. പഠനവും സംവാദവും ഏറെ ആവശ്യമാണ്. ആദ്യനൂറ്റാണ്ടുകളിൽ അല്ലെങ്കിലും, ഒരു കാലഘട്ടത്തിനു ശേഷം കേരളത്തിലും ഇത്തരം വിദ്യാപീഠങ്ങൾ ഉണ്ടായിരുന്നു. 'മല്പാനും,' 'മല്പാനേറ്റുകളും' എന്നാണു പറഞ്ഞിരുന്നത്. 'മല്പാൻ' എന്ന സുറിയാനി വാക്കിനു 'ഗുരു' എന്നാണർത്ഥം. സുറിയാനി ഭാഷയിലും സഭാ പാരമ്പര്യത്തിലും ബൈബിളിലും പാണ്ഡിത്യമുള്ള ഉപദേഷ്ടാക്കന്മാരാണ് മൽപാന്മാർ. ഗുരുകുല മാതൃകയിൽ വിദ്യാർത്ഥികൾ മല്പാനോടൊപ്പം താമസിച്ചു പഠിക്കും. ഇത്തരം കേന്ദ്രങ്ങൾ 'മല്പാനേറ്റുകൾ' എന്ന പേരിലാണ് അറിയപ്പെടുക. 1557–ലെ കേരളം സന്ദർസിച്ച കർണെയ്റോ എന്ന ജസ്യൂട്ട് വൈദികൻ അങ്കമാലിയിൽ പ്രശസ്തമായ ഒരു മല്പാനേറ്റു ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

വരാപ്പുഴ മെത്രാപ്പൊലീത്താ ബെർണർ ദീനോസിന്റ കാലത്ത് മലങ്കരയിൽ 20 മല്പാനേറ്റുകൾ ഉണ്ടായിരുന്നുവത്രെ. അദ്ദേഹം മലങ്കര ശൈലിയിലുള്ള മല്പാനേറ്റുകൾ ഉണ്ടായിരുന്നുവത്രെ. അദ്ദേഹം മലങ്കര ശൈലിയിലുള്ള മല്പാനേറ്റുകൾ നിറുത്തലാകിക്കുകയും പകരം പാശ്ചാത്യരീതിയിലുള്ള 'സെമിനാരി' ആരംഭിക്കുന്നതു പശ്ചാത്തലം ഒരുക്കുകയും ചെയ്തു. Seminarioum എന്ന ലത്തീൻ പദത്തിൽ നിന്നാണ് സെമിനാരി എന്ന സംജ്ഞ ഉണ്ടായത്. വിത്തു വിതയ്ക്കുവാനുള്ള സ്ഥലം എന്നർത്ഥം. ഇന്ത്യയിലെ ആദ്യത്തെ സെമിനാരി പോർട്ടുഗീസ് ആഗമനത്തെത്തുടർന്നു 1541–ൽ വിൻസെന്റ് ഡി ലാഗോസ് എന്ന ഫ്രാൻസീസ്ക്കൻ സന്യാസി കൊടുങ്ങല്ലൂരിൽ ആരംഭിച്ചതാണ്. പക്ഷേ, ഈ സെമിനാരിയിലൂടെ വാസ്തവത്തിൽ സംഭവിച്ചത് ദൈവശാസ്ത്ര പഠനമല്ല, അതിലുപരി റോമൻ കത്തോലിക്കാ സഭയുടെ ലത്തീനികരണമായിരുന്നു. ഇതു പിന്നീട് വിവാദങ്ങൾക്കും കാരണമാവുകുയം ചെയ്തു.

### (13) പരിശുദ്ധാത്മാവ് ഇടപെടുന്നു

ക്രിസ്തുവിന്റെ സഭയിൽ പരിശുദ്ധാത്മാവിന്റെ സ്ഥാനം വളരെ വലുതാണ്. ചരിത്രപരമായി സഭയുടെ രൂപീകരണം (എ.ഡി.30) മുതൽ സഭയുടെ ഉൽപ്രാപണം വരെ പരിശുദ്ധാത്മാവിന്റെ സ്ഥാനം സഭയോടൊപ്പം ഉണ്ട്. ഭാവിയിൽ സഭാകാന്തനായ ക്രിസ്തുവിന്റെ മടങ്ങിവരവിൽ സഭയുടെ ഉൽപ്രാപണം യാഥാർത്ഥ്യമാകും. ഇതു സഭയുടെ ഭാവി പ്രത്യാശയാണ്. ക്രിസ്തു വരുമ്പോൾ, അതുവരെ പരിശുദ്ധാത്മാവ് ചരിത്രത്തിൽ ഒരുക്കിക്കൊണ്ട് സംരക്ഷിച്ചു വരുന്ന ക്രിസ്തുവിന്റെ സഭയെ, മണവാട്ടിയെ സഭാ കാന്തനായ ക്രിസ്തുവിനു കൈമാറും. ഇതു പരിശുദ്ധാത്മാവിന്റെ ചരിത്രപരമായ ദൗത്യമാണ്. സഭയിൽ ക്രിസ്തുവിന്റെ കർത്തൃത്വം യാഥാർത്ഥ്യമാക്കുക, സഭയെ അപ്പൊസ്തല പ്രബോധനത്തിൽ ഉറപ്പിച്ചു നിർത്തുക, സഭയെ വിശുദ്ധിയിൽ നിലനിർത്തുക, സഭയെ ശത്രുവായ സാത്താനിൽ നിന്നും സംരക്ഷിക്കുക, സഭയ്ക്കു ദിശാബോധവും ദൗത്യബോധവും നല്കുക എന്നിവയാണ് പരിശുദ്ധാത്മാവിന്റെ സുപ്രധാന ദൗത്യങ്ങൾ. സഭയിൽ ദൈവവചനത്തിന്റെ ഉപദേഷ്ടാവും സംരക്ഷകനുമാണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവ് സകലസത്യത്തിലും വഴി നടത്തുന്നു. വചനവിരുദ്ധമായി, അപ്പൊസ്തലിക പ്രബോധനത്തിനും ആദിമകാല സഭയുടെ വ്യക്തിത്വത്തിനും ശൈലിക്കും വിരുദ്ധമായി സഭാ നേതൃത്വം വ്യതിചലിക്കുമ്പോൾ, പരിശുദ്ധാത്മാവ് വ്യക്തമായി ഇടപെടും. പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടലിനു ചരിത്രത്തിനു സാക്ഷ്യം വഹിക്കേണ്ടി വന്നിട്ടുണ്ട്.

വിവിധ സുന്നഹദോസുകളുടെ സഭാനേതൃത്വങ്ങളും സഭയെ നയിച്ചത് പലപ്പോഴും ദുരുപദേശങ്ങളിലേക്കും അന്ധകാരത്തിലേക്കുമായിരുന്നു. അപ്പോഴെല്ലാം ഇരുളിനെതിരെ ഒരു തിരുത്തൽ ശക്തിയായി പരിശുദ്ധാത്മാവ് പ്രതികരിച്ചു. അന്ധകാര കാലഘട്ടത്തിന്റെ നൊമ്പരം അനുഭവിച്ച ക്രൈസ്തവസഭയിൽ പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിൽ, വചനാധിഷ്ഠിതമായ മാറ്റത്തിനും ആത്മീയതയ്ക്കും വേണ്ടിയുള്ള മുറവിളി മുഴങ്ങിക്കേട്ടു.

നിലവിലുള്ള അനാത്മികമായ വ്യവസ്ഥിക്കെതിരെ ചില വ്യക്തികളും പ്രസ്ഥാനങ്ങളും ഉണർന്നെഴുന്നേറ്റു. പരിശുദ്ധാത്മാവ് അവരെ വിളിച്ചുണർത്തുകയായിരുന്നു. ഇവിടെയാണ് പതിനാറാം നൂറ്റാണ്ടിലെ നവീകരണത്തിന് കളം ഒരുങ്ങിയത് ജോൺ വിഗ്ലിഫ് (1324–1384), ജോൺ ഹസ്സ് (1369–1415), സാവന റോള (1452–1498) എന്നിവരിലൂടെ പരിശുദ്ധാത്മാവ് ചരിത്രത്തിൽ

ശക്തമായി ഇടപെടുവാൻ തുടങ്ങി. മദ്ധ്യാകല ചക്രവാളത്തിൽ പ്രത്യക്ഷപ്പെട്ട നക്ഷത്രങ്ങളായിരുന്നു അവർ. 1455–ൽ ജറോമിന്റെ ലാറ്റിൻ വൾഗേറ്റ് ബൈബിൾ ജർമ്മനിയിലെ ഗുട്ടൻബെർഗ് സ്വന്തം പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചത് ഒരാത്മീയ വിപ്ലവത്തിനു നാന്ദി കുറിച്ചു. അച്ചടിക്കപ്പെട്ട ആദ്യ കൃതി ഈ ബൈബിളാണ്. ബൈബിൾ സമൂഹത്തിന്റെ മുമ്പിൽ തുറക്കപ്പെട്ടു. യൂറോപ്പിൽ ഒരു സാംസ്ക്കാരിക നവോത്ഥാനത്തിനു തന്നെ അതു വഴി തെളിയിച്ചു. ദൈവവചനത്തിനു പ്രകാശനം ദിക്കുകളിലേക്കു വ്യാപിച്ചു. ആ വെളിച്ചം ഇരുളിനെ കീഴടക്കും. ബൈബിൾ തുറക്കപ്പെടുന്നിടത്തു ഇരുൾ ഓടി അകലും. യൂറോപ്പിന്റെ നവോത്ഥാനത്തിനും ക്രൈസ്തവസഭയുടെ നവീകരണത്തിനും പതിനാറാം നൂറ്റാണ്ടു സാക്ഷ്യം വഹിച്ചു.

### (14) നവീകരണകാഹളം ധ്വനിക്കുന്നു

മഹാനായ മാർട്ടിൻ ലൂഥർ (1517–1546) മുഴക്കിയ നവീകരണത്തിന്റെ കാഹളത്തിലൂടെ പരിശുദ്ധാത്മാവ് സഭയെ ആദിമകാല ക്രൈസ്തവികതയിലേക്കും അപ്പൊസ്തലിക പ്രബോധനത്തിലേക്കും മടക്കിവിളിക്കുകയായിരുന്നു. 16–ാം നൂറ്റാണ്ടിലെ മാറ്റങ്ങൾ ചൂണ്ടിക്കാണിക്കുന്നതിനു സഭാ ചരിത്രകാരന്മാർ ഉപയോഗിച്ചു വന്നത് “നവീകരണം” എന്ന പദമാണ്. പരിശുദ്ധാത്മപ്രേരണയാൽ ജോൺ വിക്ലിഫും ജോൺഹസ്സും സാവനറോളയും മാർട്ടിൻ ലൂഥറും ‘വലിയ വില കൊടുത്തു’ സാധിച്ച ആ മഹത്തായ ആത്മീയ വിപ്ലവത്തെക്കുറിച്ചു സൂചിപ്പിക്കുന്നതിന് ‘നവീകരണം’ എന്ന പദം മതിയായതല്ല. അവിടെ സംഭവിച്ചത് സാംസ്ക്കാരികമായ ഒരു മാറ്റമോ, സാമൂഹികമായ ഒരു പരിഷ്ക്കരണമോ രാഷ്ട്രീയമായ ഒരു ക്രമീകരണമോ മാനസികമായ ഒരുണർവ്വോ അല്ല. ക്രിസ്തുവിന്റെ സഭയ്ക്കു ആരിൽ നിന്നും പുതുമയാണെന്നും കടം കൊള്ളുവാനായിട്ടും ഇല്ല. അന്ന് അവിടെ സംഭവിച്ചത് നവീകരണമല്ല. അക്ഷരാർത്ഥത്തിൽ പൂർവ്വീകരണമാണ്. ദൈവവചനവും അപ്പൊസ്തലിക പാരമ്പര്യവും ആദിമകാല വിശുദ്ധിയും വിട്ട് ലോകമയത്വത്തിലേയ്ക്കും ദുരാചാരങ്ങളിലേയ്ക്കും അന്ധവിശ്വാസങ്ങളിലേക്കും ഇറങ്ങിപ്പോയ സഭയെ ദൈവവചനത്തിലേക്കു ആദിമകാല സഭാ തത്വങ്ങളിലേക്കും മടക്കിക്കൊണ്ടു വരികയായിരുന്നു. പരിശുദ്ധാത്മാവ്. ഇതു വാസ്തവത്തിൽ യഥാസ്ഥാപനമാണ്. ദൈവവചനത്തിലേക്കും വചനവ്യവസ്ഥയിലേക്കും ഉള്ള മടക്കയാത്ര. ആ ആഹ്വാനവും അരൂപിയും ഇന്നും ചരിത്രത്തിലുണ്ട്.

### (15) പീഡനം വർദ്ധിക്കുന്നു

ക്രിസ്തുവിന്റെ സഭ ഇന്ന് മൂന്നാം സഹസ്രാബ്ദത്തിലേയ്ക്കു പ്രവേശിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ പ്രകാശം ലോകത്തിന്റെ അതിരുകളിലേക്കു വ്യാപരിക്കുന്നു. പീഡനങ്ങൾ അവസാനിക്കുന്നില്ല. അതു തുടരുന്നു. ക്രൈസ്തസഭയുടെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ എഴുപത് ദശലക്ഷം വിശ്വാസികൾ രക്തസാക്ഷികളായിത്തീർന്നിട്ടുണ്ടെന്നു 2002 ജനുവരിയിൽ റോമിൽ പ്രസിദ്ധീകരിച്ച ‘ന്യൂ പ്രോസിക്യൂഷൻ’ എന്ന ഗ്രന്ഥം ചൂണ്ടിക്കാട്ടുന്നു. ഇറ്റാലിയൻ പത്രപ്രവർത്തകനായ അന്റോണിയോ സോക്കിയാണ് ഗ്രന്ഥകാരൻ. 70 ദശലക്ഷം രക്തസാക്ഷികളിൽ ബഹുഭൂരിപക്ഷവും കഴിഞ്ഞ ഒരു നൂറ്റാണ്ടിനുള്ളിൽ രക്തസാക്ഷികളായി തീർന്നവരാണത്രേ!

ഏറ്റവും അധികം ക്രൈസ്തവർ പീഡിപ്പിക്കപ്പെടുന്നത് സുഡാനിലാണെന്നും ഗ്രന്ഥം വെളിപ്പെടുത്തുന്നു. ‘വിശ്വാസത്തിന്റെ പേരിൽ മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട ഏറ്റവും വലിയ സമൂഹം ക്രൈസ്തവരാണെന്ന്’ 2002–ലെ ‘ദ് വേൾഡ് ഇവാൻജെലിക്കൽ അലയൻസ്’ വാർഷിക റിപ്പോർട്ടു ചൂണ്ടിക്കാട്ടുന്നു. യു.എൻ.ഒയ്ക്കു സമർപ്പിച്ച റിപ്പോർട്ടിൽ ഏകദേശം 20 കോടി ക്രിസ്ത്യാ

നികൾ വിവിധ രാജ്യങ്ങളിൽ ഇന്നു പീഡനങ്ങൾ അഭിമുഖീകരിക്കുന്നതായി സ്ഥിതിവിവരക്കണക്കുകൾ ഉദ്ധരിച്ച് വ്യക്തമാക്കിയിട്ടുണ്ട്. ഇത്രയേറെ രൂക്ഷമായ പീഡനങ്ങൾ അഭിമുഖീകരിച്ചിട്ടും ലോകമെങ്ങും ക്രൈസ്തവ സഭ വളരുന്നു എന്നതാണ് സത്യം 'നിങ്ങൾ ഞങ്ങളെ കഷണം കഷണമാക്കുംതോറും ഞങ്ങൾ വർദ്ധിതമായി വളർന്നുകൊണ്ടിരിക്കും.' ക്രിസ്ത്യാനികളുടെ രക്തം അതിന്റെ വിത്താണ് എന്ന് തെർത്തുല്യൻ പറഞ്ഞത് ശരിയാണ്. പ്രൊഫ.വില്ലാറി എഴുതി. 'വ്യക്തികൾ നശിച്ചെന്നു വരാം. പക്ഷേ, അവരുടെ രക്തത്തിനു ആയിരക്കണക്കിനു അനുഗാമികളെ ഉത്പാദിപ്പിക്കാനാകും."

**(16) സുവിശേഷം ഇരുളകറ്റുന്നു**

ക്രിസ്തുവിന്റെ സഭ ഇന്നു വളർച്ചയ്ക്കു വഴിയിലാണ്. പീഡനങ്ങൾക്ക് സഭയെ ഒരിടത്തും തളർത്താനായിട്ടില്ല. 'പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല' ക്രിസ്തു വചനത്തിന് ലോക ചരിത്രം ആദരപൂർവ്വം അടിവരയിടുന്നു. ക്രിസ്തുവിന്റെ സുവിശേഷം ലോകത്തിന്റെ അതിരുകളിലേയ്ക്കു അതിവേഗം വ്യാപിക്കുന്ന കാഴ്ചയാണ് ഇന്നു കാണുവാൻ കഴിയുന്നത്. സുവിശേഷം ഇരുളിനെ കീഴ്പ്പെടുത്തുന്നു. ആരെയും അത്ഭുതപ്പെടുത്തുന്ന മറ്റൊരു സത്യമുണ്ട്. വിശ്വാസം പാരമ്പര്യത്തിൽ നിന്നും സാമൂഹിക ബന്ധത്തിൽ നിന്നും വ്യക്തിയിലേക്കും അവന്റെ ആത്മാവിലേക്കും ഇറങ്ങി വന്നിരിക്കുന്നു എന്നതാണ്. ഇന്നും വിശ്വാസം വ്യക്തിപരമാണ്. ക്രിസ്തുമതം അധികാരവും ആർഭാടവും രാഷ്ട്രീയസ്വാധീനവും സമ്പത്തുകൊണ്ടും ശക്തിപ്പെടുമ്പോൾ ക്രിസ്തുവിന്റെ മാർഗ്ഗം ഇന്നു ലോകത്തിൽ വ്യത്യസ്തമായി വെളിപ്പെടുന്നു. ഈ വ്യത്യസ്തത മനുഷ്യർ വിവേചിച്ചറിയുന്നു. വ്യക്തികൾ ക്രിസ്തു കേന്ദ്രീകൃതമായ ആത്മീയതയിലേക്കു അടുത്തുകൊണ്ടിരിക്കുകയാണ്. വ്യക്തി ദൈവത്തിലേക്കും ദൈവവനചത്തിലേക്കും ദൈവീക വ്യവസ്ഥയിലേക്കും യഥാസ്ഥാനപ്പെടുന്ന അവസ്ഥ. മറ്റൊരു നിലയിൽ ചിന്തിച്ചാൽ മതത്തിനും സമുദായത്തിനും സംഘടനയ്ക്കും അതീതമായി ഓരോ വ്യക്തിയും ദൈവവചനവുമായി സജീവമായ ആത്മബന്ധം പുലർത്തുന്നു. ദൈവവചനപ്രകാരം ജീവിതത്തെ ക്രമപ്പെടുത്തുന്നു. അങ്ങനെ വിശ്വാസി ഒരാത്മീയ ശക്തിയായി മാറുന്നു. മൂന്നാം സഹസ്രാബ്ദത്തിന്റെ തുടക്കത്തിൽ കാണുന്ന അത്ഭുതകരമായ ആത്മീയ പ്രതിഭാസമാണിത്.

പരിശുദ്ധാത്മാവ് ഓരോ വ്യക്തിയിലും ഇന്നും ശക്തമായി പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. മറ്റാരും അറിയാതെ പരിശുദ്ധാത്മാവ് സ്പർശനത്താൽ ഓരോ വ്യക്തിയും ദൈവിക വ്യവസ്ഥയുമായി പൊരുത്തപ്പെടുകയാണ്. അവർ വർദ്ധിതമായ ആത്മശക്തി അനുഭവിക്കുന്നു. അവരുടെ പ്രത്യാശ വർദ്ധിക്കുന്നു. പീജനങ്ങളുടെയും പ്രതിബന്ധങ്ങളുടെയും നടവിലും അവർ അവർണ്ണനീയമായ ആത്മീയ സന്തോഷം അനുഭവിക്കുന്നു. പരിശുദ്ധാത്മസ്പർശം വ്യക്തമായി അനുഭവിച്ചറിയുന്ന ആത്മീയരായ വിശ്വാസികൾ അവരുടെ എണ്ണം വർദ്ധിക്കുകയാണ്. ഇവിടെ തത്വത്തിൽ സംഭവിക്കുന്നത് പരിശുദ്ധാത്മസ്പർശം വ്യക്തമായി അനുഭവിച്ചറിയന്ന ആത്മീയരായ വിശ്വാസികൾ അവരുടെ എണ്ണം വർദ്ധിക്കുകയാണ്. ഇവിടെ തത്വത്തിൽ സംഭവിക്കുന്നത് പരിശുദ്ധാത്മ സ്പർശനത്താൽ, വചനത്തിന്റെ പ്രകാശത്തിൽ ഒരോ വ്യക്തിയും വ്യക്തമായ പാരമ്പര്യങ്ങളും ഇല്ലാവചനങ്ങളും ആചാരാനുഷ്ഠാനങ്ങളും വ്യക്തിപൂജകളും വിട്ട് ആദിമകാല ക്രൈസ്തവസഭയുടെ പ്രബോധനത്തിലേയ്ക്കും ചൈതന്യത്തിലേക്കും വിശുദ്ധിയിലേക്കും ശക്തിയിലേക്കും വ്യക്തിത്വത്തിലേക്കും യഥാസ്ഥാനപ്പെടുകയാണ്. അതാണ് ഇന്നു നടക്കുന്ന പൂർവ്വീ

കരണം. പരിശുദ്ധാത്മിവിന്റെ ഇടപെടലിനു പൂർണ്ണമായും വിധേയപ്പെട്ട് ആദിമകാല ക്രൈസ്തവ സഭയുടെ സഭാ തത്വങ്ങൾ ഉൾക്കൊണ്ട്, സമൂഹത്തിൽ യഥാർത്ഥ ക്രൈസ്തവികത വെളിപ്പെടുത്തുവാൻ ഇന്നു ഓരോ ക്രിസ്ത്യാനിക്കും സാധിക്കണം. പരിശുദ്ധാത്മ സ്പർശനം വ്യക്തമായി അനുഭവിച്ചറിയുന്ന ആത്മീയരായ വിശ്വാസികൾ അവരുടെ എണ്ണം വർദ്ധിക്കുകയാണ്.

### (17) അന്ത്യനാളുകളിലെ വെല്ലുവിളി

വെളിപ്പാടു പുസ്തകത്തിൽ ആസ്യയിലെ ഏഴു സഭകളെക്കുറിച്ചു പരാമർശിച്ചിട്ടുണ്ട്. ലവൊദിക്യ സഭയുടെ സ്ഥിതി പ്രത്യേകം പഠനാർഹമാണ്. ഇന്നത്തെ സഭയുടെ നേരെ പിടിച്ച കണ്ണാടിയാണത്. ആധുനിക സഭയുടെ മുഖം അവിടെ പ്രതിബിംബിക്കുന്നു. ഒന്നു ശരിയാണ്. സഭ സമ്പന്നയായിരിക്കുന്നു. ഒന്നിനും മുട്ടില്ലാത്ത അനുഭവം. ഭൗതികമായി ഏറെ വളർന്നു കഴിഞ്ഞു. എന്തെന്തു സ്ഥാപനങ്ങൾ! കോളേജുകളിലും ആശുപത്രികളും എസ്റ്റേറ്റുകളും കൂറ്റൻ കെട്ടിടങ്ങളും സഭയ്ക്കു സ്വന്തം. ധനാഗമന മാർഗ്ഗങ്ങൾ വളരെ. ബിരുദങ്ങളും ബിരുദാനന്തരബിരുദങ്ങളും ഉള്ളവർ വിശ്വാസികൾ പോലും ധാരാളം ശക്തമായ വിദേശബന്ധങ്ങൾ, രാഷ്ട്രീയ സ്വാധീനങ്ങൾ, സമൂഹത്തിൽ ഉയർന്നവരോടൊപ്പം നില്ക്കാനുള്ള കഴിവ് ആർജ്ജിച്ചിരിക്കുന്നു. സഭ സമ്പന്നയാണ്. പക്ഷേ, സഭയുടെ യഥാർത്ഥ അവസ്ത എന്താണ്? നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനും എന്നു വിശേഷിപ്പിക്കാവുന്ന ഏറ്റവും ശോചനീയവും അപകടകരവുമായ അവസ്ഥ.

സഭാകാന്തനായ ക്രിസ്തു ഇവിടെ സഭയ്ക്കു പുറത്തു നില്ക്കുകയാണ്. 'ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.' സഭയ്ക്കു പുറത്തുനിന്ന് വാതിൽക്കൽ മുട്ടുന്ന ക്രിസ്തുവിന്റെ ശബ്ദമല്ലേ ഈ കേൾക്കുന്നത്? ക്രിസ്തുവിന്റെ സ്ഥാനം സഭയ്ക്കുള്ളിലാണ്. "ഏഴുനക്ഷത്രം വലങ്കയ്യിൽ പിടിച്ചുകൊണ്ടു ഏഴു പൊൻ നിലവിളിക്കുകളുടെ നടുവിൽ നില്ക്കുന്നവനാണ്." സഭാ കാന്തനായ ക്രിസ്തു. ഏഴു നിലവിളക്ക് ഏഴു സഭകളാണ്. ഏഴു നക്ഷത്രം ഏഴു സഭകളുടെ ദൂതന്മാരും. സഭകളും സഭകളുടെ ദൂതന്മാരുമായി ക്രിസ്തുവിനുള്ള ബന്ധം വ്യക്തിപരവും സജീവവുമാണ്. നിലവിളക്കുകളുടെ നടുവിൽ നടന്ന ക്രിസ്തുവിന്റെ സ്ഥാനം ഇന്നു മറ്റു പലരും കവർന്നെടുത്തിരിക്കുന്നു; ക്രിസ്തു വിരുദ്ധമായ പലതും ഇന്നിവിടെ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. സമ്പത്തും അധികാരവും പാരമ്പര്യവും രാഷ്ട്രീയ സ്വാധീനവും ഒന്നു ചേർന്നു ക്രിസ്തുവിനെ സഭയ്ക്കു പുറത്താക്കിയിരിക്കുകയാണോ?

### (18) ക്രിസ്തുവിനെ കണ്ടെത്തൽ

ക്രിസ്തുവിനെ കൂടാതെ സഭ എന്തെല്ലാം ഉയരങ്ങൾ നേടിയാലും അതുകൊണ്ടു ഒരു പ്രയോജനവുമില്ല. ആ നേട്ടം നേട്ടമല്ല. ക്രൈസ്തവ മൂല്യങ്ങൾ അവഗണിച്ചു കൊണ്ടു അക്രൈസ്തവമായ മാർഗ്ഗങ്ങളിലൂടെ ഭൗതിക സാമ്രാജ്യങ്ങൾ പടുത്തുയർത്തിയിട്ട് എന്തു നേട്ടം? ആത്മീകമൂല്യങ്ങൾക്കാണ് പ്രധാന്യം. ആത്മീക മൂല്യങ്ങൾ അവഗണിക്കപ്പെടുന്നതു അപകടകരവുമാണ്. ആത്മാവിനേയും ആത്മീകതയെയും ആത്മീകമൂല്യങ്ങളെയും പരിഹസിക്കുന്നവരും വിമർശിക്കുന്നവരും ഉണ്ട്.

ഞങ്ങളാണ് ആത്മീകർ, സമ്പന്നർ എന്നു സ്വയം കരുതുന്നവരും അവകാശപ്പെടുന്നവരും ഉണ്ട്. ഈ രണ്ടു നിലപാടുകളും അപകടകരമാണ്. ക്രിസ്തുവിനോടും ക്രിസ്തുവിന്റെ ദർശന

ത്തോടും പ്രബോധനത്തോടും എത്രമാത്രം പൊരുത്തപ്പെടുവാൻ സാധിക്കുന്നു എന്നതാണു പ്രധാനം. 'ഏക' മായിരുന്ന 'സഭ' ഇന്നു നൂറു നൂറു തുണ്ടുകളായി വിഭജിക്കപ്പെട്ടു. അതു തന്നെ സമൂഹത്തിൽ സഭയുടെ ശക്തി കുറയുന്നതിനു കാരണമായി. ഇവയെല്ലാം ഓരോരോ സഭാവിഭാഗങ്ങളായി തുടരുന്നു. വ്യത്യസ്തമായ ചരിത്രവും സംസ്ക്കാരവും പ്രബോധനവും നേതൃത്വവും, പക്ഷേ, ഓരോ വിഭാഗവും തങ്ങളാണ് ശരി എന്ന അവകാശവാദം മുഴക്കുന്നു. തങ്ങൾക്കു മാത്രമേ ചരിത്രമുള്ളൂ എന്നു പറയുന്നു. മറ്റു വിഭാഗങ്ങളെ അംഗീകരിക്കുവാൻ പോലും മനസ്സില്ല. അവകാശവാദങ്ങളെ അംഗീകരിക്കാത്തവരേയും ചോദ്യം ചെയ്യുന്നവരേയും ശത്രുക്കളായി പരിഗണിക്കുന്നു.

ഇവിടെ യാഥാർത്ഥ്യബോധത്തോടെ സത്യസന്ധമായ വീണ്ടുവിചാരത്തിനു തയ്യാറാകണം. നാം വിശ്വസിക്കുന്ന ആദരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന പാരമ്പര്യത്തിനും ചരിത്രത്തിനും ക്രിസ്തുവുമായി, ക്രിസ്തുവിന്റെ ദർശനവുമായി എന്തുമാത്രം ബന്ധമുണ്ട് എന്നാണ് അന്വേഷിക്കേണ്ടത്. അകന്ന ബന്ധമല്ല, ഏറ്റവും അടുത്ത ബന്ധമാണ് വേണ്ടത്.

ക്രിസ്തുവിൽ നിന്നും അകന്നുപോകുന്ന, അകന്നു നിൽക്കുന്ന വിശ്വാസത്തിനും പാരമ്പര്യത്തിനും ചരിത്രത്തിനും നൂറ്റാണ്ടുകളുടെ പഴക്കവും ജനകോടികളുടെ പിന്തുണയും ഉണ്ടെങ്കിൽ പോലും, അവയ്ക്കു ക്രിസ്തുവായി ബന്ധമില്ലെങ്കിൽ എന്തു പ്രയോജനം? ഇവിടെയാണ് സത്യസന്ധമായ വീണ്ടുവിചാരത്തിന്റെ ആവശ്യകത ബോധ്യമാവുക.

### (19) മാനസാന്തരത്തിന്റെ ഉൾവിളി – ഇതിന്റെ അടിയന്തര ആവശ്യം

നീ ഏതിൽനിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്യുക. അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും. (വെളി 2:4) പൊൻനിലവിളക്കുകളുടെ നടുവിൽ നടക്കുന്നവന്റെ അരുളപ്പാടാണിത്. ഏതിൽ നിന്നു വീണിരിക്കുന്നു, എവിടെയാണ് തെറ്റു പറ്റിയത്? എവിടെയാണ് വ്യതിചലിച്ചത്? അതു സത്യസന്ധമായി അന്വേഷിച്ചു കണ്ടെത്തണം. ക്ഷമാപൂർവ്വം അന്വേഷിക്കണം. തെറ്റു സംഭവിച്ചിട്ടുണ്ടെന്നു ബോദ്ധ്യമായാൽ അതു സമ്മതിക്കുവാൻ ധൈര്യം കാട്ടണം. തെറ്റു തിരുത്തുവാൻ സന്നദ്ധത വേണം.

ക്രിസ്തുവിൽ നിന്നും എന്തുമാത്രം അകന്നു മാറിയിട്ടുണ്ടോ അത്രയും തിരിച്ചുവന്നു യഥാസ്ഥാനപ്പെടുവാൻ തയ്യാറാകണം. യഥാർത്ഥ സത്യാന്വേഷകന്റെ ആത്മീക ഉൾക്കരുത്താണിത്. സ്വയനീതികരണത്തിന്റെയും അപരനു നേരേയുള്ള വിമർശനത്തിന്റെയും വഴി ഉപേക്ഷിച്ച് സത്യത്തെ അംഗീകരിക്കുവാനുള്ള മനസ്സ്. അതു വിവേകികൾക്കും മഹത്തുക്കൾക്കും മാത്രം അവകാശപ്പെട്ടതാണ്. സത്യാന്വേഷണത്തിന്റെ വിശുദ്ധവഴിയാണത്. മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്യുക. ഇവിടെയാണ് പൂർവ്വീകരണം യാഥാർത്ഥ്യമാകുന്നത്.

വിശ്വാസിയും സഭയും ഒരുപോലെ മാനസാന്തരപ്പെടണം. വിശ്വാസി വ്യക്തിപരമായി ക്രിസ്തുവിൽ നിന്നും എന്തുമാത്രം അകന്നുപോയി. സഭ ക്രിസ്തുവിന്റെ പ്രബോധനത്തിൽ നിന്നും ദർശനത്തിൽ നിന്നും എന്തുമാത്രം അകന്നുപോയി. അത്രത്തോളം ക്രിസ്തുവിലേയ്ക്കു തിരിച്ചു വരണം. മാനസാന്തരംകൊണ്ടു സാധിക്കേണ്ടതു അതാണ്. അതുതന്നെയാണ് പൂർവ്വീകരണം കൊണ്ടു സാധിക്കേണ്ടത്. ക്രിസ്തുവും ചരിത്രവും ഒരുപോലെ മാനസാന്തരപ്പെടുവാൻ ആഹ്വാനം ചെയ്യുന്നു. 'മുടിയനായ പുത്രന്റെ' ഉപമയിൽ ക്രിസ്തു ചൂണ്ടിക്കാണിച്ചതുപോലെ; "പിതാവിന്റെ ഭവനം' വിട്ട് അകന്നു നടക്കുന്ന വിശ്വാസിയും സഭയും ഒരുപോലെ പിതാവിന്റെ ഹിതത്തിലേക്കു തിരിച്ചുവരണം. വ്യക്തിയും സഭയും മാനസാന്തത്തിനു അതീതമല്ല.

വ്യക്തിയിലും സഭയിലും 'നവീകരണം' 'മാനസാന്തരം' ആവർത്തിക്കപ്പെടണം. സഭ ജീർണ്ണാവസ്ഥയിലൂടെ കടന്നുപോകുവാൻ പാടില്ല. സഭ ഒരു സംഘടനയായി കൂടാ. മടുപ്പും മരവിപ്പും സഭാന്തരീക്ഷത്തിൽ നിന്നും വിട്ടുമാറണം. നിരന്തരം നവീകരിക്കപ്പെടുന്ന, പുതുക്കപ്പെടുന്ന അനുഭവം ഉണ്ടാകുമ്പോൾ സഭയുടെ ചൈതന്യം നിലനില്ക്കും. ആത്മീക ജീവൻ ശക്തിപ്പെടും. അതിനു മാനസാന്തരം ആവശ്യമാണ്. 'നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗവുമായി സമർപ്പിപ്പിൻ. ഈ ലോകത്തിനു അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ' എന്നാണു പൗലോസ് പ്രബോധിപ്പിച്ചത്. പൗലോസ് എഴുതുന്നു: 'ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നെ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക്' മാനസാന്തരത്തിന്റെ ഈ ആഹ്വാനം ആധുനിക സഭ ഗൗരവപൂർവ്വം ഉൾക്കൊള്ളേണ്ടതുണ്ട്.

### (20) അന്ത്യനാളുകളിലും - പ്രത്യാശയുടെ പ്രതിധ്വനി

ക്രിസ്തു വീണ്ടും വരും എന്നതു സഭയുടെ ഭാഗ്യകരമായ പ്രത്യാശയാണ്. 'നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്ന് കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും' എന്നു നാം കാത്തിരിക്കുന്നു എന്നു പൗലൊസ് എഴുതി. 'പ്രത്യാശാ നിവൃത്തിയെ ആത്മാവിനാൽ കാത്തിരിക്കുന്നു' എന്ന പ്രസ്താവനയും ചിന്താർഹമാണ്. ക്രിസ്തുവിന്റെ വരവിനുവേണ്ടി കാത്തിരിക്കുകയാണ് സഭ. ഇന്നു സഭയ്ക്കു നിർവ്വഹിക്കുവാൻ ഇവിടെ പ്രത്യേക ദൗത്യം ഉണ്ട്. 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു.' എന്നാണ് ക്രിസ്തു പറഞ്ഞത്. ഓരോ വിശ്വാസിയും ലോകത്തിന്റെ വെളിച്ചമാണ്. ക്രിസ്തുവിന്റെ സഭ ലോകത്തിന്റെ വെളിച്ചമാകണം. മൂന്നാം സഹസ്രാബ്ദത്തിലെ സഭ ഭൗതികമായി പുരോഗതിയുടെ വഴിയിലാണ് എന്നതിനു സംശയമില്ല. ലോകത്തിന്റെ പുരോഗതി സഭയ്ക്കും അവകാശപ്പെട്ടതു തന്നെ. ലോകം പുരോഗതി സഭയ്ക്കും അവകാശപ്പെട്ടതു തന്നെ. ലോകം പുരോഗതിയിൽ നിന്നും പുരോഗതിയിലേക്കു കുതിക്കുന്നു എന്നു പറയുമ്പോൾ തന്നെ, പുരോഗതിക്കൊപ്പം പുതിയ പ്രശ്നങ്ങളും ലോകത്തെ വേട്ടയാടുന്നു.

ആഗോളവത്ക്കരണവും സ്വകാര്യവത്ക്കരണവും ഭീകരവാദവും അവയിൽ ചിലതാണ്. സൈബർയുഗത്തിൽ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നു. ഇൻഫർമേഷൻ ടെക്നോളജിയുടെ നേട്ടങ്ങളും സാദ്ധ്യതകളും സഭ വിവിധ പ്രവർത്തന രംഗങ്ങളിൽ പ്രയോജനപ്പെടുത്തുന്നുണ്ട്. പ്രിന്റ്-ഇലക്ട്രോണിക്സ് മീഡിയരംഗങ്ങളിൽ അത്ഭുതകരമായ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. വെബ്സൈറ്റുകളും ഇന്റർനെറ്റു സൗകര്യങ്ങളും ഉപഗ്രഹചാനലുകളും റ്റി.വി.സാദ്ധ്യതകളും സഭ പ്രയോജനപ്പെടുത്തുന്നുണ്ട്. ലോകത്തിന്റെ പുരോഗതിയ്ക്കൊപ്പം പുരോഗമിക്കുവാൻ സഭ സന്നദ്ധത പ്രകടിപ്പിക്കുന്നു. ഇതു പ്രതീക്ഷ പകരുന്ന അനുഭവമാണ്.

പക്ഷെ, ലോകം ഇന്നു പുതിയ പുതിയ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ആഗോള വ്യാപകമായി സഭയ്ക്കും ഇതേ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്നു. മനുഷ്യന്റെ അടിസ്ഥാന പ്രശ്നങ്ങൾക്കു ഇന്നും പരിഹാരം ഉണ്ടായിട്ടില്ല എന്നതാണു സത്യം. വ്യക്തിയ്ക്കു സുരക്ഷിതത്വം കുറയുന്നു. ഭീതിയും ആശങ്കയും ശക്തിപ്പെടുന്നു. സുരക്ഷിതത്വബോധം നഷ്ടമാവുന്നു. അക്രമവും അഴിമതിയും അനീതിയും കൊള്ളയും കൊലപാതകവും വർദ്ധിക്കുന്നു. സ്ത്രീപീഡ

നങ്ങൾ വർദ്ധിക്കുന്നു. ലൈംഗിക കുറ്റകൃത്യങ്ങൾ കൂടുന്നു, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വ്യാപകമാകുന്നു. ഒരു ഭാഗത്തു സമ്പത്തിന്റെയും സമൃദ്ധിയുടെയും കളിവിളയാട്ടങ്ങൾ. മറുവശത്ത് പട്ടിണി കിടന്ന് മരിക്കുന്നവർ, ചികിത്സാ സൗകര്യം നിഷേധിക്കപ്പെടുന്നതുകൊണ്ടു മരിക്കുന്നവർ, തല ചായിക്കുവാൻ ഇടമില്ലാത്തവർ, മനോരോഗികൾ, ആഗോളതലത്തിൽ യുദ്ധഭീതി. ആർക്കും ആരേയും വിശ്വാസമില്ല. ധാർമ്മികവും സാന്മാർഗ്ഗികവുമായ മൂല്യങ്ങൾ അവഗണിക്കപ്പെടുന്നു. ഇവിടെ ഇരുൾ വ്യാപിക്കുകയാണ്. അന്ധകാര ശക്തികൾ ലോകത്തെ വേട്ടയാടുന്നു. ഇവിടെ ഓരോ ക്രിസ്തുവിശ്വാസിയും, ക്രിസ്തുവിന്റെ പകരക്കാരനായി നില്ക്കുവാൻ, പ്രതികരിക്കുവാൻ കഴിയണം. സഭ ലോകത്തിന്റെ പ്രകാശമാകണം. ലോകത്തിനു വെളിച്ചം നൽകുവാൻ ആധുനിക സഭയ്ക്കു കഴിയുന്നുണ്ടോ?

### (21) വെളിച്ചത്തിന്റെ വ്യാപ്തി – സഭയെ കൈവിടാത്ത കർത്താവ്

സഭ ഇന്നു 'മറ്റൊരു മതവും' മറ്റൊരു 'സംഘടന' യുമായി കെട്ടുറപ്പോടെ സമൂഹത്തിൽ മുന്നേറുവാൻ യത്നിക്കുകയാണ്, മത്സരിക്കുകയാണ്. ഇതു അപകടകരമാണ്. 'മത' ത്തിൽ നിന്നും സംഘടനയിൽ നിന്നും ക്രിസ്തുവിന്റെ സഭ മോചനം പ്രാപിക്കണം. സഭ ഒരാത്മിക പ്രധാനമാണ്. ജീവജലത്തിന്റെ നദികൾ ഒഴുകുന്ന ആത്മീക പ്രസ്ഥാനം. ഈ ഒഴുക്ക് നഷ്ടപ്പെട്ടു കൂടാ. അതു സംരക്ഷിക്കപ്പെടണം. മന്ദതയും മരവിപ്പും മാറണം. ഉണർവ്വ് അനുഭവപ്പെടണം. വ്യർത്ഥമായ പാരമ്പര്യവും അർത്ഥമില്ലാത്ത ആചാരങ്ങളും അനുഷ്ഠാനങ്ങളും വിശ്വാസികളിൽ മടുപ്പു ഉളവാക്കിയിട്ടുണ്ട്. കൊട്ടിഘോഷിക്കുന്ന ചരിത്രങ്ങൾ അടിസ്ഥാനമില്ലാത്തവയാണെന്നു ആളുകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. സഭ എന്നതു കൊണ്ടു ഇന്നും പലരും ലക്ഷ്യം വയ്ക്കുന്നത് അതൊരു 'സാമുദായിക സംവിധാനം' മാത്രം. അതിൽ കവിഞ്ഞ പ്രതീക്ഷകൾ ആളുകൾക്കില്ല. വിശ്വാസികളെ ആകർഷിക്കുവാൻ ഇന്നു പല ദേവാലയങ്ങൾക്കും കഴിവില്ല. ദേവാലയങ്ങളിൽ നിന്നും ആളുകൾ വിട്ടുപോകുന്നു. ദേവാലയങ്ങളിലെ ചടങ്ങുകളിൽ നിന്നും വിശ്വാസികൾ വിട്ടുനില്ക്കുന്നു.

വിദേശരാജ്യങ്ങളിൽ പലയിടത്തും ക്രിസ്തീയ ദേവാലയങ്ങൾ മറ്റു മതസംഘടനകൾക്കു വില്ക്കുന്നു. പള്ളികൾ പൂട്ടിക്കിടക്കുന്നു. കേരളത്തിലും പള്ളി വഴക്കുകൾ മൂലം പട്ടിണികിടക്കുന്ന ദേവാലയങ്ങളുണ്ട്. ഇവിടെ എല്ലാം അടിസ്ഥാനപരമായി ഒരേ ഒരു പ്രശ്നം മാത്രമാണുള്ളത്. സഭ 'മറ്റൊരു മതവും സംഘടന' യുമായി അധഃപതിച്ചു. സഭയിൽ ഒഴുകിയിരുന്ന ജീവജലനദികൾ വറ്റിവരണ്ടു. അർത്ഥമില്ലാത്ത പാരമ്പര്യങ്ങളും ആചാരങ്ങളും ഈ ഒഴുക്കിനെ ഇല്ലാതാക്കിയത്. ആത്മികദാഹവും ദർശനവും ഉള്ള ജനം ഇതിനു എതിരാണ്. അവർ ജീവജലനദികൾ തേടുന്നു. ദേവാലയങ്ങളിൽ നിന്നും ആളുകൾ വിട്ടുപോകുന്നുണ്ടാകും. പക്ഷേ, "ദേവാലയത്തേക്കാൾ വലിയവനായ" ക്രിസ്തുവിൽ നിന്നും ആരും വിട്ടുപോകുന്നില്ല. "ഞങ്ങൾ നിന്നെ വിട്ടു എവിടെ പോകണം? നിന്റെ പക്കൽ ജീവന്റെ വചനമുണ്ടല്ലോ"? എന്നാണ് ക്രിസ്തുവിന്റെ ശിഷ്യന്മാർ പ്രതികരിച്ചത്.

ഇന്ന് "ദേവാലയം" ക്രിസ്തുവിനേക്കാൾ ഉയരത്തിലെത്തിയിരിക്കുന്നു. "ദേവാലയ" ത്തേക്കാൾ ചെറുതായി തീർന്നു ക്രിസ്തു. ദേവാലയ സംവിധാനങ്ങൾക്ക് ക്രിസ്തുവിനെ ഉൾക്കൊള്ളാനാവാതായി. ക്രിസ്തു പല ഇടത്തും പുറന്തള്ളപ്പെട്ടു. 'ക്രിസ്തു സഭയ്ക്കു പുറത്തു' വാതിൽക്കൽ നില്ക്കുന്ന സ്ഥിതിയിൽ സഭ അധഃപതിച്ചു. ഇന്നിതാണ് സംഭവിച്ചത്. ക്രിസ്തു ദേവാലയത്തിൽ നിന്നും പുറത്താക്കപ്പെട്ടപ്പോൾ, ജീവന്റെ വചനത്തിനു വില കല്പിക്കുന്നവർ

ക്രിസ്തുവിനൊപ്പം പുറത്തുപോയി. അവർ ദേവാലയത്തിൽ ഇല്ലെങ്കിലും ദേവാലയത്തിനു പുറത്ത് ക്രിസ്തുവിനൊപ്പം ക്രിസ്തുവിനു ചുറ്റും ചേർന്നു നില്ക്കുകയാണ്. ക്രിസ്തുവിനു ചുറ്റും നില്ക്കുന്ന സമൂഹം ദേവാലയത്തേക്കാൾ വലുതായിത്തീർന്നിരിക്കുന്നു. ഇതു നാം കണ്ടുകൊണ്ടിരിക്കുന്ന കാഴ്ചയാണ്.

**(22) വിശുദ്ധിയുടെ വഴി – നാം പോകേണ്ടത്**

ജനം ദേവാലയത്തിൽ നിന്നും വിട്ടുപോകാതെ നില്ക്കണം എന്ന് ആഗ്രഹിക്കുന്നവർ ക്രിസ്തുവിനെ ദേവാലയത്തിലേയ്ക്കു തിരിച്ചുകൊണ്ടുവരികയാണ് വേണ്ടത്. ക്രിസ്തുവിനെ ഉൾക്കൊള്ളാത്ത, ക്രിസ്തുവിനെ അംഗീകരിക്കാത്ത, ക്രിസ്തുവിന്റെ കർത്തൃത്വം അംഗീകരിക്കാത്ത ദേവാലയം ആർക്കു വേണം എന്നു ചിന്തിക്കുവാൻ പ്രബുദ്ധരായ വിശ്വാസികൾ ഇന്നു തയ്യാറായി കഴിഞ്ഞിരിക്കുന്നു. സമ്പത്തിന്റെയും പ്രതാപത്തിന്റെയും പ്രൗഢിയുടെയും പ്രതീകമായി ദേവാലയങ്ങൾ മാറുന്നു. സഭകൾ തീരുന്നു. ഇങ്ങനെ പുറമേയുള്ളതുകൊണ്ടു പ്രയോജനമില്ല. ഇരുപതു നൂറ്റാണ്ടുകൾക്കു മുമ്പ് ക്രിസ്തു യെരുശേലം ദേവാലയത്തിന്റെ ശുദ്ധീകരണത്തിനു തയ്യാറായതു പോലെ ഈ മൂന്നാം സഹസ്രാബ്ദത്തിൽ ഒരു ദേവാലയ ശുദ്ധീകരണത്തിനും നാം തയ്യാറാകേണം, ക്രിസ്തുവിന്റെ പ്രബോധനത്തിനും ദർശനത്തിനും വിരുദ്ധമായി ദേവാലയത്തിൽ കയറിക്കൂടിയിരിക്കുന്ന വചനവിരുദ്ധമായ പ്രവണതകളെയും ആചാരാനുഷ്ഠാനങ്ങളെയും പുറത്തുകളയുവാൻ തയ്യാറാകണം. വാണിജ്യവത്ക്കരണത്തിൽ നിന്നും ദേവാലയത്തെ മോചിപ്പിക്കണം. ലോകവുമായി വിലപേശുവാനുള്ള മാധ്യമമായി ദേവാലയം ദുരുപയോഗിക്കപ്പെട്ടുകൂടാ. വചനാധിഷ്ഠിതമായ ദേവാല, സഭാശുദ്ധീകരണത്തിനു ഇന്നു സഭാനേതൃത്വം തയ്യാറാകേണം. അങ്ങനെ വന്നാൽ ഒരു ദേവാലയവും പൂട്ടിയിടുവാൻ ലോകം അനുവദിക്കുകയില്ല.

'ചരിത്ര' മെന്നും 'പാരമ്പര്യ' മെന്നും പറഞ്ഞ് ഇല്ലാ വചനങ്ങളിൽ പഠിപ്പിക്കുന്നതും, എഴുതി പ്രചരിപ്പിക്കുന്നതും മതിയാക്കണം. ചരിത്രത്തെ ചരിത്രമായും പാരമ്പര്യത്തെ പാരമ്പര്യമായും അംഗീകരിക്കണം. ഇല്ലാ വചനങ്ങൾക്ക്, ചരിത്രബോധവും യുക്തിവിചാരവും ഉള്ള പ്രബുദ്ധരായ ആധുനിക ജനതയിൽ ഇന്നു മറ്റൊരു സ്ഥാനവുമില്ല. അവർ യാഥാർത്ഥ്യബോധത്തോടെ ക്രിസ്തുദർശനത്തിൽ പഠനങ്ങൾ വിവേചിക്കുന്നു. നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെങ്കിലും ജനകോടികളുടെ പിന്തുണ ഉണ്ടെങ്കിലും 'ചരിത്ര' ത്തിന്റെയും 'പാരമ്പര്യ' ത്തിന്റെയും മറവിൽ പ്രചരിപ്പിച്ചു വരുന്ന 'ഇല്ലാവചനങ്ങൾ' തന്നെയാണ്. അവയെ പിഴുതെടുത്തു ദൂരെ എറിയുവാൻ ധീരത കാട്ടണം. ദൈവവചനത്തിനും അപ്പൊസ്തലിക പ്രബോധനത്തിനും ക്രിസ്തു ദർശനത്തിനും അർഹിക്കുന്ന പ്രാധാന്യം നൽകണം. അടിസ്ഥാനപരമായി ഈ നിലയിൽ ഒരു ശുദ്ധീകരണത്തിനു തയ്യാറായാൽ, സഭാവിഭാഗങ്ങൾക്കിടയിൽ പണിതുയർത്തിയിരിക്കുന്ന അകൽച്ചയുടെയും ഇടർച്ചയുടെയും വൻമതിലുകൾ താനെ തകർന്നു വീഴും. ഭിന്നതയുടെ അരൂപി പരാജയപ്പെടും.

വിഭാഗീയതയും വർഗ്ഗീയതയും ശത്രുതയും കാലഹരണപ്പെടും. വിശ്വാസികളും സഭകളും ഐക്യപ്പെടും. പരസ്പരമുള്ള പോരാട്ടങ്ങളും യുദ്ധങ്ങളും അവസാനിക്കും. വിശ്വാസികളുടെയും, സഭകളുടെയും ഐക്യം യാഥാർത്ഥ്യമാകുന്നതിന് ക്രിസ്തുവിനോടും ക്രിസ്തുവിന്റെ പ്രബോധനങ്ങളോടും മാനസികമായും വിചാരപരമായും വിശ്വാസപരമായും യോജിക്കുവാൻ വിശ്വാസികൾക്കും സഭകൾക്കും സാധിക്കണം. അത്തരം ഒരു സാഹചര്യം ഉണ്ടായാൽ സഭ ലോകത്തിൽ എതിരറ്റ ആത്മീക ശക്തിയായി വെളിപ്പെടും.

അന്ത്യോക്യയിൽ വച്ചാണ് ക്രിസ്തുവിന്റെ ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന പേര് ലഭിച്ചത്. അന്ന് അതു പരിഹാസ്യചുവയുള്ള ഒരു ഇരട്ടപ്പേരായിരുന്നു. പക്ഷേ, തത്വത്തിൽ ക്രിസ്തുവിനെ അനുകരിക്കുന്നവർ എന്ന് അതിനു അർത്ഥം വന്നു. ക്രിസ്തുവിനെ അനുകരിക്കുന്നവർ. സമൂഹം അവരെ ആദരിച്ചു.; അംഗീകരിച്ചു. ക്രിസ്ത്യാനി എന്നാൽ അതിലൊരു പ്രത്യേകത ഉള്ളതായി സമൂഹം മനസ്സിലാക്കി. ക്രിസ്ത്യാനിയായ സമൂഹത്തിനു വിശ്വാസമാണ്. ക്രിസ്തുവിശ്വാസയെ അപ്പൊസ്തലനായ പൗലൊസ് വിശേഷിപ്പിച്ചത് ക്രിസ്തുവിന്റെ സ്ഥാനപതി എന്ന നിലയിലാണ്. സമൂഹത്തിൽ ക്രിസ്തുവിനു പകരക്കാരൻ. എത്ര മഹത്തായ ദൗത്യവും ശ്രേഷ്ഠമായ പദവിയും ആകർഷകമായ ജീവിതശൈലിയുമാണത്. ക്രിസ്തുവിന്റെ പകരക്കാരനിലൂടെ സമൂഹം ക്രിസ്തുവിനെ കാണുന്നു.

അന്ത്യോക്യയിൽ നിന്നും ക്രിസ്ത്യാനികൾ ബഹുദൂരം പിന്നിട്ടു. അതിസാഹസികമായ യാത്ര. പീഡനങ്ങളുടെയും പരിശോധനകളുടെയും വെല്ലുവിളികളുടെയും ഭീഷണികളുടെയും വഴികളിലൂടെ അവർ ജേതാക്കളെപ്പോലെ നടന്നുപോയി. അതൊരു മുന്നേറ്റം തന്നെയായിരുന്നു. ഇന്നു ലോകമെങ്ങും ക്രിസ്ത്യാനികൾ ഉണ്ട്. ഭൂമിയുടെ അതിരുകളെ ക്രിസ്തുവിന്റെ സന്ദേശം കീഴ്പ്പെടുത്തുന്നു.

അഭിമാനപൂർവ്വം ഈ ജൈത്രയാത്രയുടെ കഥകൾ പറയുകയാണ് നാം. നേട്ടങ്ങളുടെ പട്ടികകൾ നിരത്തുകയാണ്. ഇന്നു നമുക്ക് എല്ലാം ഉണ്ട്. ആകാശത്തിലേയ്ക്കു കുതിക്കുന്ന വമ്പൻ കത്തീഡ്രലുകൾ. കോടികൾ മുടക്കി പണിതുയർത്തുന്ന കൂറ്റൻ കെട്ടിടങ്ങൾ. മഹത്തായ സ്ഥാപനങ്ങൾ. പാരമ്പര്യത്തിൽ കാലൂന്നി നില്ക്കുന്ന പുരാതന സിംഹാസനങ്ങൾ. സമർത്ഥരായ സഭാനേതൃത്വം. ദൈവശാസ്ത്രവിദ്യാപീഠങ്ങൾ, സജീവമായ സുന്നഹദോസുകൾ. ആഘോഷങ്ങൾ. എല്ലാം നമുക്കുണ്ട്. പക്ഷേ ആളുകൾ ഇന്നും അലയുന്നതു ക്രിസ്തുവിനെ തേടിയാണ്. എവിടെ ക്രിസ്തു? എന്ന ചോദ്യമാണ് ഇന്നും പ്രതിധ്വനിക്കുന്നത്. ദേവാലയങ്ങളിലും സുന്നഹദോസുകളിലും വൈദ്യശാസ്ത്രവിദ്യാപീഠങ്ങളിലും സിംഹാസനങ്ങളിലും കൂറ്റൻ കെട്ടിടങ്ങളിലും സ്ഥാപനങ്ങളിലും സമൂഹത്തിനു ക്രിസ്തുവിനെ കാണാൻ കഴിയുന്നില്ല. ഇവയ്ക്കൊന്നും ക്രിസ്തുവിനെ വെളിപ്പെടുത്തുവാൻ കഴിയുന്നില്ലെങ്കിൽ, ഇവയെ നേട്ടം എന്നു വിശേഷിപ്പിക്കാനാവുമോ? ക്രിസ്തു എവിടെ എന്ന ചോദ്യം, ക്രിസ്തുവിനുവേണ്ടിയുള്ള അന്വേഷണം സമൂഹത്തിൽ ശക്തിപ്പെടുകയാണ്. പരസ്പരം വെല്ലുവിളിക്കുന്ന വിവിധ ക്രൈസ്തവ സമുദായങ്ങളുടെ പ്രതിനിധികളെ സമൂഹം കാണുന്നുണ്ട്. ക്രിസ്ത്യാനികളെ കാണുവാനില്ല. അന്ത്യോക്യയിൽ കണ്ട ക്രിസ്ത്യാനികളെ ഇന്നു കാണുവാൻ ലോകം ആഗ്രഹിക്കുന്നു. ക്രിസ്ത്യാനി ക്രിസ്തുവിന്റെ പകരക്കാരനാകണം, സ്ഥാനപതിയാകണം. ആ നിലയിൽ ആധുനിക സമൂഹത്തിൽ ക്രിസ്തുവിന്റെ സാക്ഷ്യം വഹിക്കുവാൻ, സമുദായ–സംഘടനാ ബന്ധങ്ങൾക്കതീതമായി ഓരോ ക്രിസ്ത്യാനിക്കും സാധിക്കണം.

## കർത്തൻ വരവിൽ കാണപ്പെടുവാൻ

ഇവിടെ എല്ലാം ഫലത്തിൽ സംഭവിക്കുന്നതു പൂർവ്വീകരണമാണ്. മൂന്നാം സഹസ്രാബ്ദത്തിലെ സഭ പൂർവ്വീകരണം സാധിച്ച സഭയാകണം. ആദിമ ക്രൈസ്തവ സമൂഹത്തിന്റെ വ്യക്തിത്വത്തിലേക്കും പ്രബോധനത്തിലേക്കും ശൈലിയിലേക്കും പുനരൈക്യപ്പെട്ട, യഥാസ്ഥാനപ്പെട്ട സഭ. ഈ ദിശാബോധമാണ് ആധുനിക സഭയ്ക്കു ലഭിക്കേണ്ടത്. മറ്റൊരു വഴിയിലേക്കു സഭയെ തിരിച്ചുവിടരുത്. പൗലൊസിന്റെ വാക്കുകൾ ശ്രദ്ധിക്കുക. "ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ

വിളിച്ചവനെ വിട്ട് നിങ്ങൾ ഇത്ര വേഗത്തിൽ വെറൊരു സുവിശേഷത്തിലേക്കു മറിയുന്നതു കൊണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു. അതു വേറൊരു സുവിശേഷം എന്നല്ല. ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചു കളയുവാൻ ഇച്ഛിക്കുന്നു എന്നത്രേ. എന്നാൽ ഞങ്ങൾ നിങ്ങളോടു അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്നു ഒരു ദൂതനാകട്ടെ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻ പറഞ്ഞതുപോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു: നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തെയോ സന്തോഷിപ്പിക്കുന്നത്? അല്ല ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കയില്ല." പൗലൊസിന്റെ ഈ ചിന്തയുടെ ഗൗരവം ആധുനിക ക്രൈസ്തവ സമൂഹം ഉൾക്കൊള്ളണം. അതിനോടു നീതി പുലർത്തുവാൻ സാധിക്കണം. "ഞാൻ നിങ്ങളെക്കുറിച്ചു ദൈവത്തിന്റെ എരിവോടെ എരിയുന്നു. ഞാൻ ക്രിസ്തു എന്ന ഏകപുരുഷന് നിങ്ങളെ നിർമ്മല കന്യകയായി ഏല്പിക്കുവാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു." ആധുനിക സഭ ക്രിസ്തുവിൽ നിന്നും ക്രിസ്തുവിന്റെ പ്രബോധനങ്ങളിൽ നിന്നും ഏറെ അകന്നുപോയി. ആദിമസഭയുടെ പ്രബോധനത്തിലേക്കും വിശുദ്ധിയിലേക്കും ആധുനിക സഭ മടങ്ങിവരണം. ആധുനിക സഭയ്ക്കു ഇന്നു ആവശ്യം പൂർവ്വികരണമാണ്. പൂർവ്വീകരണത്തിനു വേണ്ടിയുള്ള സത്യസന്ധമായ മടക്കയാത്ര ഇന്ന് ആരംഭിക്കാം. ദൈവവചനത്തിന്റെ വർദ്ധിതമായ പ്രകാശത്തിൽ ഇവിടെ, ഇതാ ആ വഴി തെളിഞ്ഞു കിടക്കുന്നു.

- Selected

# OFFERINGS

നിങ്ങൾ അയച്ച M.O, ചെക്ക്, ഡ്രാഫ്റ്റ് വഴിയായുള്ള പണങ്ങൾ കിട്ടി. അതിന്റെ രസീതുകളും മറുപടികളും എഴുതി അറിയിച്ചിട്ടുണ്ട്. ഓൺലൈൻ ബാങ്ക് വഴിയായി അയച്ച പണത്തിന് മാത്രം മറുപടി നിങ്ങൾക്ക് അയക്കാൻ സാധിച്ചിട്ടില്ല. ബാങ്ക് വഴിയായി പണം അയ്ക്കുന്നവർ പണം അയച്ചവിവരവും അഡ്രസും ഫോൺനമ്പറും എനിയ്ക്ക് അയച്ചാൽ മാത്രമേ പണമയച്ചവർ ആരെന്ന് എനിക്കറിയാൻ സാധിക്കൂ. എന്നാലേ നിങ്ങൾക്ക് രസീതും മറുപടിയും അയക്കാൻ സാധിക്കുകയുള്ളൂ. ഈ ദൈവവേലയിൽ പണം അയച്ച് സഹായിച്ച എല്ലാവർക്കും അച്ചന്മാർക്കും നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

# പുറപ്പാട് പുസ്തകം

ബൈബിളിലെ രണ്ടാമത്തെ പുസ്തകം. എബ്രായയിൽ വ്എല്ലെഹ് ഷ്മോത് (പേരുകളാവിതു) എന്നും ചുരുക്കി ഷ്മോത് (പേരുകൾ) എന്നും വിളിക്കുന്നു. സെപ്റ്റ്വജിന്റാണ് പുറപ്പാട് എന്ന പേര് വിഷയാടിസ്ഥാനത്തിൽ നല്കിയത്. ഉല്പത്തി ആരംഭങ്ങളുടെ പുസ്തകവും പുറപ്പാടു വീണ്ടെടുപ്പിന്റെ പുസ്തകവുമാണ്. ഉല്പത്തി പുസ്തകത്തിലെ മൂന്നു വലിയ പ്രവചനങ്ങൾ പുറപ്പാടിൽ നിറവേറിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1. യിസ്രായേൽ മിസ്രയീമിൽ ഒരു വലിയ ജാതി ആകും. ഉല്പത്തി 46:3.

2. യിസ്രായേല്യർ മിസ്രയീമിൽ നാനൂറു വർഷം പ്രവാസികളായിരുന്നു ആ ദേശക്കാരെ സേവിക്കും. ഉല്പത്തി 15:13

3. ദൈവം മിസ്രയീമിനെ വർധിക്കും. അതിന്റെ ശേഷം അവർ വളരെ സമ്പത്തോടുകൂടെ പുറപ്പെട്ടു പോരും. ഉല്പത്തി 15:14. തന്റെ മരണക്കിടക്കയിൽ യോസഫിനു പുറപ്പാടിന്റെ പ്രത്യാശ ഉണ്ടായിരുന്നു. ഉല്പത്തി 50:24,25.

**ഉദ്ദേശ്യം**

യിസ്രായേൽ ജനത്തെ മിസ്രയീമ്യ അടിമത്തത്തിൽ നിന്നു വിടുവിച്ചു ദൈവാധിപത്യഭരണത്തിൽ വിധേയപ്പെടുത്തുന്ന ചരിത്രം നല്കുകയാണ് പുറപ്പാടു പുസ്തകത്തിന്റെ പ്രധാന ഉദ്ദേശ്യം. യിസ്രായേൽ മക്കളുടെ അപ്രതീക്ഷിതമായ വർദ്ധനവിനെ വിവരിച്ചുകൊണ്ടു പുസ്തകം ആരംഭിക്കുന്നു. കഠിനമായി പീഡിപ്പിക്കപ്പെട്ട ജനം ദൈവത്തോടു നിലവിളിക്കുകയും മോശ മുഖാന്തരം ദൈവം അവരെ വിടുവിക്കുകയും ചെയ്തു. ചെങ്കടൽ കടന്നു ജനം സീനായി പർവ്വതത്തിൽ എത്തി. അവിടെ വെച്ചു ദൈവം അവരുമായി നിയമം ചെയ്തു അവർക്കു ന്യായപ്രമാണം നല്കി. തുടർന്നു ദൈവനിവാസമായ സമാഗമന കൂടാരത്തിന്റെ പണിയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ കൊടുത്തു. സമാഗമനകൂടാരത്തിന്റെ സ്ഥാപനത്തോടു കൂടി പുറപ്പാടു പുസ്തകം അവസാനിക്കുന്നു.

**ഗ്രന്ഥകർത്താവ്**

പരമ്പരാഗതമായ വിശ്വാസം അനുസരിച്ച് ഗ്രന്ഥകാരൻ മോശ ആണ്. ആധുനിക പണ്ഡിതന്മാരിൽ പലരും ഇതിനെ അംഗീകരിക്കുന്നില്ല. ബി.സി. 8–ാം നൂറ്റാണ്ടു മുതൽ 2–ാം നൂറ്റാണ്ടുവരെയുള്ള കാലയളവിൽ ഉണ്ടായ ചില രേഖകളുടെ സമാഹാരമാണ് ഗ്രന്ഥപഞ്ചകത്തിലെ മറ്റു പുസ്തകങ്ങളൊടൊപ്പം പുറപ്പാടും എന്ന് അവർ കരുതുന്നു. "ഞാൻ അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും സർവ്വശക്തിയുള്ള ദൈവമായിട്ടു പ്രത്യക്ഷനായി; എന്നാൽ യഹോവ എന്ന നാമത്തിൽ ഞാൻ അവർക്കു വെളിപ്പെട്ടിട്ടില്ല." പുറ 6:13. ഇവിടെ ഒരു പുതുമയായി യഹോവയുടെ നാമം ചേർത്തിട്ടുള്ളതായി അവർ ചൂണ്ടിക്കാണിക്കുന്നു. ഈ വാക്യത്തിനു രണ്ടു വ്യാഖ്യാനങ്ങൾ ആകാം. ഇവിടെ യഹോവയുടെ നാമം സാധാരണ നിലയിൽ ഒരു പേർ എന്ന അർത്ഥത്തി

ലല്ല മറിച്ച് ഗാംഭീര്യസൂചകമായിട്ടാണ് പ്രയോഗിച്ചിട്ടുള്ളത്. "എന്നാൽ യഹോവ എന്ന നാമത്താൽ ഞാൻ അവർക്കു എന്നത്തന്നെ വെളിപ്പെടുത്തിയില്ലേ?" എന്നു ചോദ്യരൂപത്തിലുള്ള ആവരണവാക്യമായി അതു മനസ്സിലാക്കുന്നതിലും തെറ്റില്ല. പ്രസ്തുത ചോദ്യത്തിന്റെ ഉത്തരം 'അതേ' എന്നത്രേ.

പുരോഹിതമേധാവിത്വത്തിന്റെ സാധൂകരണത്തിനു വേണ്ടി പ്രസാധകന്മാർ തങ്ങൾക്കു ലഭിച്ച വിവരങ്ങളിൽ സ്വന്തം ഭാവനയ്ക്കനുസരണമായി മാറ്റങ്ങളും പരിഷ്കാരങ്ങളും വരുത്തി ക്രോഡീകരിച്ചു എന്നു വിമർശകന്മാർ വാദിക്കുന്നു. എന്നാൽ ഈ വാദം കഴമ്പില്ലാത്തതാണ്. പൗരോഹിത്യമേധാവിത്വസ്ഥാപനത്തിനു സഹായകമോ അഭിമാനകരമോ അല്ലാത്ത പല വ്യക്തി ചരിത്രങ്ങളും സംഭവങ്ങളും പുറപ്പാടിലുണ്ട്. മഹാപുരോഹിതനായ അഹരോനല്ല രാഷ്ട്രീയനായകനായ മോശയാണ് ഗ്രന്ഥത്തിലെ വീരപുരുഷൻ. അഹരോന്റെ നേതൃത്വത്തിൽ ജനം കാളക്കുട്ടിയെ ആരാധിച്ചത് ഇതിൽ വർണ്ണിച്ചിട്ടുണ്ട്. ■

# ക്രിസ്തു ജീവിക്കുന്നു; അതുകൊണ്ട് നാമും ജീവിക്കുന്നു

**1 കൊരിന്ത്യർ 15: 14, 13**

ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.
മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയിർത്തെഴുന്നേറ്റിട്ടില്ല.

**1 കൊരിന്ത്യർ 15:16, 17**

മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല.

ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു.

## ജാമക്കാരൻ PDF ൽ

ജാമക്കാരൻ PDF ൽ വായിക്കാനും, Download ചെയ്യാനും, കോപ്പികൾ എടുത്ത് വിതരണം ചെയ്യാനും ആഗ്രഹിക്കുന്നവർ നിങ്ങളുടെ ഇ–മെയിൽ ഐ.ഡി ഞങ്ങളുടെ ഇ–മെയിൽ വിലാസത്തിലേക്ക് അയച്ചുതന്നാലും. അത് മാസിക കൈയ്യിൽ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാനും, format ചെയ്ത് അനേകർക്ക് എത്തിച്ച് ഈ ശുശ്രൂഷയെ സഹായിക്കാനുമാകും.

# ക്യാൻസർ രോഗം

എന്റെ വിദേശസന്ദർശനങ്ങളിലും ഭാരതത്തിലും ഭൂരിപക്ഷങ്ങളും കുടുംബങ്ങളിലും ഒരു വ്യക്തി എന്ന നിലയിൽ മാരകമായ കാൻസർ രോഗത്താൽ ഭാരപ്പെടുന്നു. ഇത് എന്നിൽ വലിയ വേദനയുണ്ടാക്കുന്നു. ഈ രോഗത്താൽ ഭാരപ്പെടുന്നവർക്കായി ഒരു ഉപവാസപ്രാർത്ഥന വരുന്ന 2017 മാർച്ച് മാസം 14–ാം തിയതി ചൊവ്വാഴ്ച നടത്താൻ കർത്താവിൽ ആഗ്രഹിക്കുന്നു. പ്രാർത്ഥനാ കുറിപ്പുകൾ എന്റെ വിലാസത്തിലോ, ഇ–മെയിൽ ഐ.ഡിയിലേക്കും അയക്കുക.

വിലാസം : **Dr.Pushparaj**
**90, Majeeth Street, Old Suramangalam,**
**Salem - 636 005, INDIA**

E-mail ID - **jamakaran@yahoo.com**

**കുറിപ്പ്** : പ്രാർത്ഥനാകുറിപ്പുകൾ അയക്കുന്നവർ അന്നേ ദിവസം നിങ്ങളുടെ സ്ഥലങ്ങളിൽ ഉപവസിച്ച് പ്രാർത്ഥിച്ചാൽ അത് നിങ്ങൾക്കും രോഗികൾക്കും വളരെ അനുഗ്രഹമായിരിക്കും.

**FEBRUARY 2017**

# Printed Book/Book Post

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.